കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# കൊട്ടാരക്കര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൽ.എം/എം.എൽ-208/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി-10/7/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊട്ടാരക്കര നഗരസഭ

സർ,

വിഷയം : കൊട്ടാരക്കര നഗരസഭ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പൽ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾപ്രകാരം **കൊട്ടാരക്കര നഗരസഭയുടെ** 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.എം.എൽ-208/19 തീയതി-10/7/2019

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ മുനിസിപ്പൽ നിയമം- വകുപ്പ് 295 (4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.09.17 മുതൽ 31.10.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജി.ബിനുകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.18 മുതൽ 31.10.18 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.അജി .കെ.എസ്സ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീ. നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീമതി.മഞ്ജുളാ സാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.പത്മകുമാരി.എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.അമ്പിളി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർ പേഴ്സൺ | : | ശ്രീമതി.ഗീതാസുധാകരൻ | 01.04.17മുതൽ 20.11.17 വരെ |
| | : | ശ്രീമതി.ലീലാഗോപിനാഥ് | 21.11.17 മുതൽ 10.12.17 വരെ |
| | : | ശ്രീമതി.ബി.ശ്യാമളഅമ്മ. | 11.12.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | | ശ്രീ.ഡി.വി സനൽകുമാർ | 01.04.17മുതൽ 31.03.17 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | : | | |
| **ഉദ്യോഗപ്പേര്** | | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ. വിജയൻപിള്ള | 01.04.17മുതൽ 04.10.17 വരെ |
| | | ശ്രീ.ജയഭദ്രൻ | 05.10.17മുതൽ |

| | | | |
|---|---|---|---|
| | | | 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി), താലൂക്ക് ആശുപത്രി | | ഡോ. ബിജു.ബി.എൻ | 01.04.17മുതൽ 31.03.18 വരെ |
| ഹെഡ്മിസ്ട്രസ് | | ശ്രീമതി.കെ.വത്സലാമ്മ | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | | ഡോ.ഷീജ.വൈ.എം | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | | ഡോ.ദീപ | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി), സി.എച്ച്.സി നെടുമൺകാവ് | | ഡോ.ജ്യോതിലാൽ.എസ്സ് | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | | ശ്രീ.റോഷൻ ജോർജ്ജ് | 01.04.17മുതൽ 31.03.18വരെ |
| വെറ്റിനറി സർജൻ | | ഡോ.സജി | 01.04.17മുതൽ 31.03.18 വരെ |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 | | ശ്രീ.സുജി എസ്സ് | 01.04.17മുതൽ 31.03.18 വരെ |
| വ്യവസായ വികസന ഓാഫീസർ | | ശ്രീ.ബിജു.റ്റി.എസ്സ് | 01.04.17മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | | ശ്രീമതി.ഇന്ദിര വി | 01.04.17മുതൽ 31.03.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് | 1-3 |

| | | |
|---|---|---|
| | സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | **ഭാഗം 2** | |
| 13 | ആംബുലൻസ് രസീത് അപാകതകൾ | 2-1 |
| 14 | കൊട്ടാരം സിൽക്സ് - വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 2-2 |
| 15 | കട വാടക ഈടാക്കിയിട്ടില്ല | 2-3 |
| 16 | വസ്തുനികുതി പൂർണ്ണമായും ഈടാക്കിയില്ല | 2-4 |
| 17 | വസ്തുനികുതി ഫയൽ ലഭ്യമാക്കിയില്ല | 2-5 |
| | **ഭാഗം 3** | |
| 18 | വി.ഇ.ഒയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല | 3-1 |
| 19 | ഗുണഭോക്തൃവിഹിതം-പദ്ധതിവിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ചു. | 3-2 |
| 20 | ഒ.ഡി.എഫ് അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു. കണക്കുകൾ കൃത്യമല്ല | 3-3 |
| 21 | ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ | 3-4 |
| 22 | സ്പിൽ ഓവർ പ്രോജക്ടുകൾക്കായി നൽകിയ തനതുഫണ്ട് വിവരങ്ങൾ ലഭ്യമാക്കിയില്ല | 3-5 |

| | | |
|---|---|---|
| 23 | സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - അനുവദനീയമായതിലും അധികം തുക ചെലവഴിച്ച് കമ്പ്യൂട്ടർ വാങ്ങി അധിക ചെലവ് 12,970/- രൂപ | 3-6 |
| 24 | സ്വയം തൊഴിൽ പദ്ധതി - ടി.എസ്.പി വനിത സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തയിനങ്ങൾക്ക് സബ്സിഡി നൽകി - തൊഴിൽ സംരംഭം ആരംഭിച്ചില്ല | 3-7 |
| 25 | ടാർ വാങ്ങി നൽകിയെങ്കിലും പണി നടത്തിയില്ല | 3-8 |
| 26 | ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ | 3-9 |
| 27 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ചെയ്യാത്ത പ്രവൃത്തികൾക്ക് തൊഴിലാളികൾക്ക് കൂലി നൽകി. നിരാകരിക്കുന്ന തുക 2,19,433/- രൂപ | 3-10 |
| 28 | കോയിപ്പുറത്ത് വിള റീടെയിനിംഗ് വാൾ നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും റോഡിന്റെ വീതിയിൽ അധികമായി കോൺക്രീറ്റ് ചെയ്തു – തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 29 | മുതുവന്നൂർ റോഡ് മെയിന്റെനൻസ് - കൺവീനർ വർക്കിനുള്ള പ്രതിഫലം നല്കാതെ കരാറുകാരിയ്ക്ക് നല്കി. | 3-12 |
| 30 | ടാർ വിതരണം രേഖപ്പെടുത്തിയതിലും ടാർ വില ഈടാക്കിയതിലും അപാകത | 3-13 |
| 31 | മുറിച്ചിട്ട മരം ലേലം ചെയ്തില്ല | 3-14 |
| 32 | സ്വകാര്യ വ്യക്തിയുടെ പറമ്പിലെ മരം മുറിച്ചതിന് കൂലി നൽകിയത് തിരികെ ഈടാക്കിയില്ല | 3-15 |
| 33 | ഇ-ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കാനായി പദ്ധതിയെ വിഭജിച്ചു - ഒരേ പോലുള്ള രണ്ട് പദ്ധതികളിലെ വാങ്ങൽ മാനദണ്ഡങ്ങൾ വ്യത്യസ്തം | 3-16 |
| 34 | ടി.എ അധികമായി നൽകി | 3-17 |

| | | |
|---|---|---|
| 35 | സാക്ഷരതാ തുല്യത – ചെലവ് രേഖകൾ ലഭ്യമല്ല | 3-18 |
| 36 | എസ്.എസ്.എ വിഹിതം - ശരിയായ മോണിറ്ററിംഗ് ഇല്ല | 3-19 |
| 37 | കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - അവലോകനം | 3-20 |
| 38 | പുറമ്പോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 3-21 |
| 39 | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നെടുമൺകാവ് നടത്തിയ ചെലവുകൾ | 3-22 |
| 40 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല | 3-23 |
| 41 | മെഡിക്കൽ ഓഫീസർ ആയുർവേദം - 12,238/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 3-24 |
| 42 | കെ.എം.എസ്.സി.എല്ലിൽ നിന്നും 1,75,000/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. | 3-25 |
| 43 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക ബാക്കി നിൽക്കുന്നു | 3-26 |
| | ഭാഗം 4 | |
| 44 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 45 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 47 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 48 | സ്ഥിര നിക്ഷേപം | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 51 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 54 | അനുബന്ധം-1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |

| | | |
|---|---|---|
| 55 | അനുബന്ധം-2, അനുബന്ധപത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

28.03.18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15.05.18 | 31.7.18 | 1.8.18 | 6.9.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 10.09.18 മുതൽ 11.09.18 വരെ | കെ.എസ്എ.കെ.എൽ.എം./ എം.എൽ/1817/18/8.11.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,24,58,219 |
| വരവ് | 12,88,27,818 |
| ആകെ | 15,12,86,037 |
| ചെലവ് | 11,61,70,623 |
| നീക്കിയിരിപ്പ് | 3,51,15,414 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,45,56,000 | 2,45,56,000 | 2,15,57,947 | 29,98,053 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 93,24,000 | 93,24,000 | 65,57,415 | 27,66,585 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1,01,066 | 1,01,066 | 80,000 | 21,066 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 90,44,946 | 90,44,946 | 70,15,041 | 20,29,905 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 34,72,563 | 34,72,563 | 24,98,269 | 9,74,294 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,08,81,394 | 1,08,81,394 | 60,87,763 | 47,93,631 |
| എ.ജി.എൻ.ആർ. ഇ.ജി.എസ് | | 44,69,400 | 1,05,31,562 | 1,50,00,962 | 1,31,75,450 | 18,25,512 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) PMAY | | | 2,06,55,998 | 2,06,55,998 | 98,90,000 | 1,07,65,998 |
| ഐ.സി.ഡി.എസ് | | - | 9,57,526 | 9,57,526 | 4,91,068 | 4,66,458 |
| എൻ.യു.എൽ.എം | | 16,70,591 | 35,09,763 | 51,80,354 | 43,32,248 | 8,48,106 |
| ശുചിത്വമിഷൻ | | 21,13,196 | 11,43,014 | 32,56,210 | 9,37,783 | 23,18,427 |
| ബി ഫണ്ട് | | 0 | 4,21,63,020 | 4,21,63,020 | 4,21,63,020 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്(ട്രഷറി അക്കൗണ്ട്) | | 1,69,783 | 1,41,63,836 | 1,43,33,619 | 1,39,68,624 | 3,64,995 |
| മറ്റ് ബാങ്ക് അക്കൗണ്ടുകൾ | | 980217 | 0 | 0 | 0 | 980217 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1,30,55,032 | 3,67,53,675 | 4,98,08,707 | 3,22,63,006 | 1,75,45,701 |

PMAY, NULM, ശുചിത്വമിഷൻ എന്നീഫണ്ടുകളുടെ വരവു ചെലവു തുകകൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടാത്തതിനാൽ ആകെ വരവിലും ചെലവിലും അപാകത നിലനിൽക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 9,04,53,738 | 151 | 4,40,79,295 | 31 | 60 | 62.4 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 44,69,400 | 1,05,31,562 | 1,50,00,962 | 1,31,75,450 | 18,28,512 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,26,120 | 217 |
| കർഷകതൊഴിലാളി പെൻഷൻ | 18,76,900 | 627 |
| വിധവാപെൻഷൻ | 1,51,43,000 | 5,167 |
| വാർദ്ധക്യകാലപെൻഷൻ | 2,05,08,800 | 5,885 |
| | | |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 39,98,200 | 1,249 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90,000 | 3 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,20,000 | 141 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.18 ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,033/-രൂപയുടെ നീക്കിയിരുപ്പ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷികകണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. ആംബുലസിന്റെ വരവ്, രസീതുപ്രകാരം പിരിച്ചെടുക്കുന്ന തുകകൾ അതാത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ഒടുക്കുവരുത്താതെ ചുമതലക്കാരൻ കൈവശം സൂക്ഷിച്ചുവരുന്നത് മേലുദ്യോഗസ്ഥരുടെ നോട്ടക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. അതോടൊപ്പം മാന്വൽ രസീതുകളും ഉപയോഗിക്കുന്നുണ്ട്. പണമായും ചെക്ക്, ഡി.ഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. പർച്ചേസുകൾ നടത്തുമ്പോൾ ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേഷനോടുകൂടിയ ഇനങ്ങളാണോ സപ്ലൈ ചെയ്തത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നില്ല. ഉദാ- നഗരസഭാ ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ. വസ്തുനികുതി, കൃത്യമായി പിരിക്കുന്നതിൽ ചുമതലപ്പെട്ടവർ വീഴ്ച വരുത്തി. വി.ഇ.ഒ

തസ്തിക നിലവിൽ ഇല്ലെങ്കിലും ബാങ്ക് അക്കൗണ്ട് നിലനിർത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ രണ്ട് അക്കൗണ്ടുകൾ നിലവിലുണ്ട്. (പ്രത്യേകം ഖണ്ഡികകൾ കാണുക). ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫയലുകളിൽ എന്തെങ്കിലും രേഖകളില്ലാതെയും ടാഗ് ചെയ്യാതെ ഫയലിൽ ക്രമമില്ലാതെ അടുക്കി വച്ച നിലയിലും സൂക്ഷിച്ചു കാണുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.2014 | 04/2014 മുതൽ 09/2014 വരെ (മുനിസിപ്പാലിറ്റിയായ ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.) | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7/2/18 | 2013-14 മുതൽ 2016-17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1)ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ 2017-18 വർഷം പലിശയിനത്തിൽ വരവ് വന്ന തുകകൾ കണക്കാക്കിയിട്ടില്ലാത്തതിനാൽ 2016-17 വർഷ നീക്കിയിരുപ്പാണ് 2017-18 വർഷവും കണക്കാക്കിയിട്ടുള്ളത്.

i)കേരളാ ഗ്രാമീൺ ബാങ്ക് അക്കൌണ്ട് നമ്പർ.1763 വാർഷികധനകാര്യപത്രിക പ്രകാരം 31.03.18 ലെ നീക്കിയിരുപ്പ് 6,03,457/-രൂപ പാസ്സ് ബുക്ക് പ്രകാരം

നീക്കിയിരുപ്പ് 6,27,892/-രൂപ.

ii)പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നമ്പർ.41168 വാർഷികധനകാര്യപത്രിക പ്രകാരം 31.03.18 ലെ നീക്കിയിരുപ്പ് 7,717/-രൂപ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് 8,010/-രൂപ.

iii)പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നമ്പർ. 42671 വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.18 ലെ നീക്കിയിരുപ്പ് 2,70,185/-രൂപ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് 2,85,385/-രൂപ

iv)കൊല്ലം ജില്ലാ സഹകരണ ബാങ്ക് അക്കൌണ്ട് നമ്പർ.100000 വാർഷിക ധനകാര്യപത്രിക പ്രകാരം 31.03.18 ലെ നീക്കിയിരുപ്പ് 11,539/-രൂപ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് 11,979/-രൂപ.

v)യൂണിയൻ ബാങ്ക് അക്കൌണ്ട് നമ്പർ.1506 വാർഷികധനകാര്യപത്രിക പ്രകാരം 31.03.18 ലെ നീക്കിയിരുപ്പ് 39,215/-രൂപ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് 40,744/- രൂപ.

ഇതിൽ ക്രമനം. (i), (ii), (iii), (iv) ഇവ 2018-19 വർഷം ജേണൽ എൻട്രി മുഖേന പരിഹരിച്ചിട്ടുണ്ട്.

2) കൊട്ടാരക്കര കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് അക്കൗണ്ട് നമ്പർ 7985 31.03.17 ലെ നീക്കിയിരുപ്പ് തുകയായ 1,510/-രൂപയാണ് 2017-18 വർഷവും നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നത്. സാമ്പത്തിക വർഷാവസാനത്തെ യഥാർത്ഥ നീക്കിയിരുപ്പ് 1,471/- രൂപയാണ്.

3) ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ 460100700 എന്ന ഹെഡിൽ തിരിച്ച് പിടിയ്ക്കാൻ ശേഷിക്കുന്ന അഡ്വാൻസായി 92,000/-രൂപ കാണിച്ചിരിക്കുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ആയത് 50,000/-രൂപയാണ്.

4)Poverty Alleviation Fund (311100100) 1,05,36,509/-രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്. ഈയിനത്തിലെ യഥാർത്ഥ വരവ് ഒരു കോടി രൂപയാണ്. തിരികെ വന്ന തുക വരവിൽ ചേർത്ത് കണക്കാക്കിയിരിക്കുന്നു. തൊഴിലാളികളുടെ കൂലിയും ഭരണചെലവുകളും ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

5)ഫെസ്റ്റിവൽ അഡ്വാൻസ് എംപ്ലോയീസ് 460100400 ഹെഡ് പ്രകാരം ചെലവ് 2,94,000/-രൂപയാണ്. രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ചെലവ് 2,70,000/-

രൂപയാണ്.

6)ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ച് പിടിക്കാനുള്ള തുകയായി വാർഷിക ധനകാര്യപത്രികയിൽ കണക്കാക്കിയിട്ടുള്ളത് 16,000/-രൂപയും പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 43,000/-രൂപയുമാണ്.

7)ബി 18 ഷെഡ്യൂളിൽ അഡ്വാൻസ് റ്റു അദേഴ്സ് 460509909 ഹെഡിൽ 2,50,000/- രൂപ കണക്കാക്കിയിരിക്കുന്നത് കുടിവെള്ള വിതരണത്തിനായി ശ്രീ.നാസർക്ക് നൽകിയ തുകയാണ്.

8)ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| വാർഷികധനകാര്യപത്രിക പ്രകാരം | 12,50,530 | 7,83,170 |
| രജിസ്റ്റർ പ്രകാരം | 8,55,200 | 8,28,325 |

9)പ്രോപ്പർട്ടി ടാക്സ് ഡിമാന്റ് വരവ് തുകകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

10)ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ പോസ്റ്റിംഗ് പൂർത്തിയാക്കി ക്ലോസ് ചെയ്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിമാന്റ്, കളക്ഷൻ ഇവയുടെ ആധികാരികത ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

| വരവിനം | വാർഷികധനകാര്യപത്രിക പ്രകാരം | |
|---|---|---|
| | ഡിമാന്റ് | കളക്ഷൻ |
| തൊഴിൽ നികുതി എംപ്ലോയിസ് | 96,71,465 | 96,71,465 |
| തൊഴിൽ നികുതി ട്രേഡേഴ്സ് | 26,82,844 | 19,55,367 |
| ഷോ ടാക്സ്(110150100) | 2,520 | 2,520 |
| എന്റർറ്റെയിൻമെന്റ് ടാക്സ് (110160100) | 7,53,839 | 7,53,839 |
| സ്റ്റേഡിയം റെന്റ് (130100300) | 6,000 | 6,000 |

11)ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ ആധികാരികത രജിസ്റ്ററുകൾ/രേഖകൾ പൂർത്തിയാക്കാത്തതിനാൽ ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

| വരവിനം | തുക |
|---|---|
| Rent from civic amenities (431400101)(current) | 5,85,837 |
| Rent from civic amenities (431400102)(Arrear) | 1,03,316 |
| Rent from lease on land (431400107) (current) | 4,739 |
| Rent from lease on land (43400108)(Arrear) | 4,524 |
| Reciept from auction of obsolate asset(150120300) | 1,22,950 |

12)ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ തിരികെ നൽകാനുള്ളതായി 16,56,035/- രൂപ കണക്കാക്കിയിരുക്കുന്നു. ആയതിൽ 2,09,150/- രൂപയുടെ വിവരങ്ങൾ മാത്രമേ ബോദ്ധ്യപ്പെട്ടിട്ടുള്ളൂ.

13)ബാലൻസ് ഷീറ്റ് ബി 14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്ക് 1,07,174/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. മൂല്യം കണക്കാക്കിയത് ബോദ്ധ്യപ്പെട്ടിട്ടില്ല.

14)2017-18 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖേന നടപ്പാക്കിയതും വിനിയോഗിച്ചിട്ടില്ലാത്തതുമായ ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള ചെലവുകൾ അതാത് ഹെഡിൽ ഉൾപ്പെടുത്താത്തതിനാൽ ബി 8 ഷെഡ്യൂളിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

| പ്രോജക്ട് നം. | തുക | സ്ഥാപനം |
|---|---|---|
| 13/18 | 11,34,499 | കെ.എസ്.ഇ.ബി |
| 33/18 | 10,00,000 | വാട്ടർ അതോറിറ്റി |
| 76/18 | 9,36,000 | വാട്ടർ അതോറിറ്റി |
| 77/18 | 10,00,000 | വാട്ടർ അതോറിറ്റി |

15)ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.

| | |
|---|---|
| Gross salalry payable(350110100) | 6,56,768 |
| Contribution to central provident fund(350110600) | 5,14,215 |
| Contributary pension(350110601) | 2,34,647 |
| Insurance premium (350200104) | 15,564/-ഹാജരാക്കിയ രേഖകൾ പ്രകാരം 15,566/-) |
| Contributary pension recoveries(350200129) | 20,848 (രജിസ്റ്റർ പ്രകാരം 20,190/-) |

16)ലൈബ്രറി സെസ്സ് പേയബിളായി ബി 9 ഷെഡ്യൂളിൽ 35300100 ഹെഡിൽ കാണിച്ചിരിക്കുന്ന തുക 27,21,554/-രൂപയാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് 25,86,609/- രൂപയാണ്.

17)2018-19 ലേക്ക് വിവിധയിനങ്ങൾ ലേലം ചെയ്തയിനത്തിലുള്ള വരവ് അഡ്വാൻസ് കളക്ഷനായി പരിഗണിച്ച് അക്കൌണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ ഉൾപ്പെട്ട് വരുന്നില്ല.

18) ബി 11 ഷെഡ്യൂളിൽ ബിൽഡിംഗ് ഇനത്തിൽ (41200100,410200108,410200199) തൽവർഷം സൃഷ്ടിച്ച ആസ്തികൾ കണക്കാക്കിയിട്ടില്ല. കൂടാതെ 410700152 ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് 410700200 ഫർണിച്ചർ ഫിറ്റിംഗ്സ് - ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻസ് മുൻവർഷ തുകകളാണ് അസ്സറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്.

19)വിവിധ ആസ്തികൾക്ക് തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

20)ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂളിൽ 412100100, കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ഡെവലപ്പ് മെന്റ് ഫണ്ട് ) 67,13,919/-രൂപയും 412109900 Other Specific grants 8,12,071/-രൂപയും ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

21) ഓഡിറ്റ് റിക്കവറി തുകകൾ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

22) സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥർ ചെലവഴിച്ച തനത് ഫണ്ട് ഗുണഭോക്തൃവിഹിതം ഇവയുടെ ചെലവ് വിവരം സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

23) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകകളുടെ വിവരം ബാലൻസ് ഷീറ്റ് B 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആമ്പുലൻസ് രസീത് അപാകതകൾ

I) 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 18(1)(2)(3) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. രസീതിന്റെ അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്.

എൽ.ഐ.സി എംപ്ലോയീസ് യൂണിയൻ കൊട്ടാരക്കര നഗരസഭയ്ക്ക് കൈമാറി നൽകിയ ആമ്പുലൻസിന്റെ വരവ്തുകകൾ, നഗരസഭ സ്വന്തമായി അച്ചടിച്ച രസീതുകൾ പ്രകാരമാണ് ഈടാക്കുന്നത്. പ്രസ്തുത രസീത് ബുക്കുകളിലെ രസീതിന് മെഷീൻ നമ്പർ നൽകിയിട്ടുണ്ടെങ്കിലും രസീത് ബുക്കുകൾക്ക് നമ്പർ നൽകിയിട്ടില്ല. രസീതിന്റെ അസൽ കക്ഷികൾക്ക് നൽകുന്ന രീതിയിലാണ് പ്രിന്റ് ചെയ്തിരിക്കുന്നത്.

<u>രസീത് ബുക്കുകൾ പ്രകാരമുള്ള വരവ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1.രസീതിന്റെ അസൽ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. അസൽ കക്ഷികൾക്ക് നൽകിയശേഷം ഡ്യൂപ്ലിക്കേറ്റാണ് നഗരസഭയിൽ സൂക്ഷിക്കുന്നത്.

2.രസീത് ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചല്ല എഴുതുന്നത്.

3.വരവ് തുകകൾ അതാത് ദിവസമോ തൊട്ടടുത്ത ദിവസമോ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കു വരുത്തുന്നതിന് പകരം കൈവശം സൂക്ഷിച്ചശേഷം അടവാക്കുന്നതായി കാണുന്നു. (22.09.18 മുതൽ 08.10.18 വരെയുള്ള വരവ് തുക 10.10.18ലെ 118020109385 നം.രസീത് പ്രകാരമാണ് അടവാക്കിയത്.) . വിശദവിവരം ചുവടെ ചേർക്കുന്നു.

| തീയതി | വരവ് |
|---|---|
| 22/09/18 | 2,000 |
| 23/09/18 | 3,000 |
| 23/09/18 | 800 |
| 24/09/18 | 2,400 |
| 26/09/18 | 2,000 |

| | |
|---|---|
| 28/09/18 | 2,300 |
| 28/09/18 | 1,960 |
| 29/09/18 | 2,000 |
| 30/09/18 | 2,000 |
| 02/10/18 | 800 |
| 05/10/18 | 900 |
| 05/10/18 | 500 |
| 06/10/18 | 2,600 |

മേൽ വരവ് തുകകൾ 10.10.18 ലെ 118020109385 നം. രസീത് പ്രകാരമാണ് മുനിസിപ്പൽ ഫണ്ടിൽ അടവാക്കിയത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. ലോഗ് ബുക്ക് പ്രകാരം 26.10.18 (139km), 29.10.18 (150km), 30.10.18 (163km), 01.11.18 (173km) എന്നീ തീയതികളിൽ വാഹനം ഓടിയതിന്റെ വരവ് തുകകൾ യഥാക്രമം 04.11.18, 09.11.18, 09.11.18, 08.11.18 എന്നീ തീയതികളിലാണ് രസീത് ചെയ്തിരിക്കുന്നത്.

5. ലോഗ് ബുക്ക് പ്രകാരം ആമ്പുലൻസ് ഓടിയതായി രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഓട്ടങ്ങളുടെയും വരവ് രസീത് ചെയ്യുകയോ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ( 03.01.18 ലെ ധനകാര്യകമ്മിറ്റി തീരുമാന പ്രകാരം ആദ്യത്തെ 20 കിലോമീറ്ററിന് 500/- രൂപയും പിന്നീടുള്ള ഓരോ കിലോമീറ്ററിനും 14/- രൂപയും വീതമാണ് ആംബുലൻസിന്റെ വാടക). എന്നാൽ ചുവടെ ചേർക്കുന്ന തീയതികളിൽ ആംബുലൻസിനുള്ള വാടക ഈടാക്കിയതായി കാണുന്നില്ല.

| തീയതി | മീറ്റർ റീഡിംഗ് | കി.മീ | പോയ സ്ഥലം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 03.11.18 | 9165-9189 | 24 | കൊട്ടാരക്കര-തൃക്കണ്ണമംഗലം | 556 |
| 04.11.18 | 9298-9444 | 146 | കൊട്ടാരക്കര താലൂക്ക് ആശുപത്രി – തിരുവന്തപുരം | 2,264 |
| 06.11.18 | 9485-9650 | 165 | കൈതക്കോട് -തിരുവനന്തപുരം | 2,530 |
| 09.11.18 | 9730 – | 163 | മെഡിക്കൽ | 2,502 |

| | | | | |
|---|---|---|---|---|
| | 9893 | | കോളേജ് | |
| 09.11.18 | 9927-10096 | 169 | മെഡിക്കൽ കോളേജ് | 2,586 |
| ആകെ | | | | 10,438 |

ആകെ നഷ്ടത്തുകയായ 10,438/-രൂപ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

6. 23.10.18 ലെ വരവായ 1,850/-രൂപ (23-ാം നമ്പർ രസീത്), 02.11.18 ലെ വരവായ 2,000/-രൂപ (25-ാം നമ്പർ രസീത്) എന്നിവ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല.

രസീത് ബുക്കുകൾക്ക് ക്രമനമ്പർ നൽകി, ഓരോ ബുക്കിലെ രസീതുകൾക്കും 1 മുതൽ 100 വരെ ക്രമനമ്പർ നൽകേണ്ടതാണ്. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും അടവാക്കാൻ അവശേഷിക്കുന്ന 3,850/- രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

II) ലോഗ് ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

KL 24 N 8670 നമ്പർ ആമ്പുലൻസ് കൊട്ടാരക്കര മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ 09.08.17-ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ലോഗ് ബുക്കിലെ ആദ്യരേഖപ്പെടുത്തൽ 14.02.18-ൽ 128Km – ലാണ് ആരംഭിച്ചിരിക്കുന്നത്. 128Km ഓടിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ലോഗ് ബുക്കിൽ പ്രതിമാസ സംഗ്രഹം എഴുതി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. 26.07.18 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമേ കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾടാങ്ക് നിറയ്ക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ല. കൂടാതെ ഇന്ധനം നിറയ്ക്കുന്നതിന്റെ വിശദാംശം ബിൽനമ്പർ സഹിതം ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

III)ഡ്രൈവറുടെ നിയമനം സംബന്ധിച്ച അപാകതകൾ

ആമ്പുലൻസിന്റെ ഫയൽ പരിശോധിച്ചതിൽ 16.01.18 മുതൽ 3 മാസത്തേയ്ക്ക് ശ്രീ.ഹാരിഷ് എന്നയാൾക്ക് താൽക്കാലിക നിയമനത്തിന് അറിയിപ്പുനൽകിയിട്ടുണ്ട്. 12.01.18 ലെ നഗരസഭാ കൗൺസിലിന്റെ VIII -ാം നമ്പർ തീരുമാന പ്രകാരം 14 ദിവസം പാലിയേറ്റീവ് കെയറിനുവേണ്ടി വാഹനം ഓടുന്നതിനും ടി ദിവസങ്ങളിൽ 600/- രൂപ ദിവസവേതനം നൽകുന്നതിനും ബാക്കി ദിവസങ്ങളിൽ 20% കമ്മീഷൻ വ്യവസ്ഥയിൽ വാഹനം ഓടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 21.08.2018 മുതൽ ശ്രീ.സന്തോഷ് എന്നയാളാണ് ആമ്പുലൻസിന്റെ ഡ്രൈവർ. മേൽ ഡ്രൈവർമാരുടെ നിയമന ഉത്തരവ്, ഡ്രൈവറും നഗരസഭയും തമ്മിലുള്ള കരാർ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

IV)വാഹന കൈമാറ്റം / ഇൻഷ്വറൻസ് സംബന്ധിച്ച വിവരങ്ങൾ

എൽ.എെ.സി എംപ്ലോയീസ് യൂണിയൻ വാഹനം കൈമാറിയപ്പോൾ നഗരസഭയുമായി വച്ച കരാർ, ആമ്പുലൻസിന്റെ ഇൻഷ്വറൻസ് പുതുക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതും ആമ്പുലൻസിന്റെ സേവനവും നിരക്കുകളും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ് .

**ഓഡിറ്റ് എൻക്വയറി നം.05/15.11.18**

**വരവ് നഷ്ടം -14,288/-രൂപ (10,438 + 3,850)**

# 2-2 കൊട്ടാരം സിൽക്സ് - വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്.

ശ്രീ.സന്തോഷ്കുമാർ, മംഗലത്ത് വീട്, വെണ്ടാർ.പി.ഒ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കൊട്ടാരം സിൽക്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം സെല്ലാർ ഫ്ലോറിന് (289.16 ച.മീ.) XVII/469A മുതൽD വരെ നാല് നമ്പരുകളും ഗ്രൗണ്ട് ഫ്ലാറിന് (583.5 ച.മീ) XVII/469 E മുതൽ L വരെ എട്ട് നമ്പരുകളും ഫസ്റ്റ്ഫ്ലോറിന് (583.5 ച.മീ) XVII/469M മുതൽ U വരെ ഒൻപത് നമ്പരുകളും സെക്കന്റ് ഫ്ലോറിന്(583.5ച.മീ) XVII/469V മുതൽ Z വരെ അഞ്ച് നമ്പരുകളും നൽകിയിട്ടുണ്ട്. മേൽ മുറികൾ വാണിജ്യാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്രമീറ്ററിന് 40/- രൂപ നിരക്കിൽ 01.02.16 ൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

എന്നാൽ ടി കെട്ടിടം സംബന്ധിച്ച E1/10201/18 നമ്പർ ഫയൽ പരിശോധിച്ചതിൽ നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 24.09.18 തീയതിയിലെ സി.3212/18 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം നടത്തിയ 28.07.18 ലെ ഓവർസിയറുടെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം മേൽ കെട്ടിടത്തിന് സെല്ലാർ ഫ്ലോർ 583.5ച.മീ, ഗ്രൗണ്ട് ഫ്ലാർ 672.48ച.മീ, ഫസ്റ്റ് ഫ്ലോർ 672.48ച.മീ, സെക്കന്റ് ഫ്ലോർ 672.48ച.മീ എന്നിങ്ങനെയാണ് യഥാർത്ഥ അളവുകളെന്ന് റിപ്പോർട്ട്

ചെയ്തിരിക്കുന്നു. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സൈറ്റ് പരിശോധന പ്രകാരം അസസ്മെന്റിൽ ഉൾപ്പെടുത്താത്ത 266.94ച. മീറ്ററിന് നികുതി നിർണ്ണയിച്ചിട്ടില്ല.

2.മേൽ കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിൽ ഒരു ഹോട്ടലും ഗ്രൗണ്ട്, ഫസ്റ്റ്, സെക്കന്റ് ഫ്ലോറുകളിലായി കൊട്ടാരം സിൽക്സ് എന്ന സ്ഥാപനവുമാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഓരോ ഫ്ലോറും ഒറ്റ യൂണിറ്റായി കണക്കാക്കി ഓരോ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടില്ല.

3.റോഡ് തരത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് നൽകിയിട്ടില്ല. പ്രസ്തുത കെട്ടിടം കൊല്ലം ചെങ്കോട്ട റോഡിലേയ്ക്കാണ് അഭിമുഖീകരിച്ചിരിക്കുന്നത്. ആയതിനാൽ മേൽ വർദ്ധനവ് ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

4.സെറ്റ് ബാക്ക് ഏരിയയിൽ മുൻവശത്തായി 3മീ. നീളത്തിലും 1.8മീ. വീതിയിലും, കെട്ടിടത്തിന്റെ വടക്കുഭാഗത്തായി 18 മീ. നീളത്തിലും 1.2മീ. വീതിയിലും അനധികൃത നിർമ്മാണം നടത്തിയതായി കാണുന്നു.

5.പ്ലാൻ പ്രകാരം 23 നമ്പർ കാർ പാർക്കിംഗ് വേണ്ടിടത്ത് 17 നമ്പർ കാർപാർക്കിംഗുണ്ടെന്ന് ഓവർസിയറുടെ റിപ്പോർട്ടിൽ കാണുന്നു. നിലവിൽ കാർപാർക്കിംഗിനായുള്ള സെല്ലാർ ഏരിയ ഹോട്ടലിനായി പുനർനിർമ്മിച്ച സാഹചര്യത്തിൽ 17 നമ്പർ കാർപാർക്കിംഗിനായുള്ള സ്ഥലം എവിടെയാണെന്ന് വ്യക്തമാക്കേണ്ടതാണ്. ഇരുചക്ര വാഹന പാർക്കിംഗ് ഉൾപ്പെടുത്തിയിട്ടില്ല.

ക്രമനം.4,5,6 എന്നിവ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിസ്തീർണ്ണം | ഈടാക്കിയവസ്തു നികുതി(ച.മീ, ച.മീറ്ററിന് ന് 40/- രൂപാ നിരക്കിൽ) | ഈടാക്കേണ്ട വസ്തുനികുതി | നഷ്ടം |
|---|---|---|---|---|
| 1 | സെല്ലാർ | 11,566/-രൂപ | അടിസ്ഥാന | 65,456 |

| | | | | |
|---|---|---|---|---|
| | ഫ്ലോർ 583.50ച.മീ | (289.16 ച.മീ) | വസ്തുനികുതി=583.50x110 =64185<br>റോഡ് തരം വർദ്ധനവ്(20%) = 12,837<br>ആകെ =77,022 | |
| 2 | ഗ്രൗണ്ട്ഫ്ലോർ 672.48 ച.മീ | 23,340/-<br>(583.50ച.മീ) | അടിസ്ഥാന വസ്തുനികുതി=672.48x120<br>=80,697.6<br>റോഡ് തരം വർദ്ധനവ്(20%) = 16,139.5<br>ആകെ =96,837 | 73,497 |
| 3 | ഫസ്റ്റ് ഫ്ലോർ<br>672.48 ച.മീ | 23340/-<br>(583.50ച.മീ) | അടിസ്ഥാന വസ്തുനികുതി=672.48x120<br>=80,697.6<br>റോഡ് തരം വർദ്ധനവ് (20%) =16,139.5<br>വ്യവസായ ആവശ്യത്തിനുള്ള പരിമിതി (ഒന്നാം നില ഇളവ് 5%) =4,035<br>ആകെ =92,802 | 69,462 |
| 4 | സെക്കന്റ് ഫ്ലോർ 672.48 ച.മീ | 23340/-<br>(583.50ച.മീ) | അടിസ്ഥാന വസ്തുനികുതി=672.48x120<br>=80,697.6<br>റോഡ് തരം വർദ്ധനവ്(20%) = 16,139.5<br>വ്യവസായ ആവശ്യത്തിനുള്ള പരിമിതി(രണ്ടാം നില ഇളവ് 10%) =8,069.75 | 65,427 |

| | | | | |
|---|---|---|---|---|
| | | | ആകെ =88,767 | |
| ആകെ | | 81,586 | 3,55,428 | 2,73,842 |

അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ എടുക്കാത്തതിന് വിശദീകരണം നൽകേണ്ടതും വസ്തു നികുതിയിനത്തിൽ നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം 2,73,842/-ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 29/23.11.18**

## 2-3 കട വാടക ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ കടവാടക രജിസ്റ്റർ പരിശോധിച്ചതിൽ കൊട്ടാരക്കര നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങൾ ലേലത്തിൽ പിടിച്ചവർ മുഴുവൻ ലേലതുകയും ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | | പേരും മേൽവിലാസവും | ലേലതുക വാർഷികം | കുടിശ്ശിക വരുത്തിയ തുക/ കാലയളവ് |
|---|---|---|---|---|---|
| 1.ഓപ്പൺ സ്റ്റാൾ | | | | | |
| 1 | 10 B | | ശ്രീ.ജോൺസൺ, പാറ്റുർ വീട്, പൂവറ്റൂർ ഈസ്റ്റ്, കൊട്ടാരക്കര | 5,709 | 5,709 (2017-18) |
| 2 | 37B | | ശ്രീ.അഷ്റഫ്.കെ, നസീബ് മൻസിൽ, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | 5,703 | 5,703 (2017-18) |
| 3 | 49A | | ശ്രീ.ശശിധരൻ, ശ്രീകൃഷ്ണവിലാസം, പള്ളിയ്ക്കൽ | 5,770 | 5,770 (2017-18) |
| 4 | 51B | | ശ്രീ.ഷെഫീൻ, ഫഹാന മൻസിൽ, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | 5,703 | 5,703 (2017-18) |
| 5 | 21B | | ഒഴിഞ്ഞുകിടക്കുന്നു | | |
| 6 | 58 | | | | |
| ആകെ | | | | | 22,885/- |
| 2.ഫിഷ് സ്റ്റാൾ | | | | | |
| 1 | 5 | | ശ്രീ.കബീർ, പാലവിള വീട്, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | 37,110 | 37,110 (2017-18) |

| | | | | | |
|---|---|---|---|---|---|
| 2 | 9 | | ശ്രീ.നവാസ്.പി,<br>തസ്ലീമാ മൻസിൽ,<br>മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | 15,840 | 15,840<br>(2017-18) |
| 3 | 11 | | ശ്രീ.നൗഷാദ്,<br>സുബി മൻസിൽ,<br>മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | 11,880 | 11,880<br>(2017-18) |
| 4 | 10 | | ശ്രീ.മുഹമ്മദ് ഖനി,<br>കോയിപ്പുറത്ത് വീട് | 11,880 | 11,880<br>(2017-18) |
| 5 | 12 | | ശ്രീമതി.സ്റ്റെല്ല,<br>കുതിരമുനമ്പേൽ<br>കിഴക്കതിൽ | 11,880 | 11,880<br>(2017-18) |
| 6 | 13 | | ശ്രീമതി.റീത്താ ആന്റണി,<br>റീന ഭവനം, കുമ്പളം | 39,600 | 39,600<br>(2017-18) |
| 7 | 15 | | ശ്രീമതി.സ്റ്റെല്ല മേരി,<br>മിനി സദനം, പേരയം | 39,600 | 39,600<br>(2017-18) |
| 8 | 16 | | ശ്രീ.അബ്ദുൾ അസീസ്,<br>കൊല്ലം വിളവീട്,<br>മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | 39,600 | 39,600<br>(2017-18) |
| 9 | 26 | | ശ്രീ.സക്കീർ, ചരുവിള വീട്,<br>മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | 5,148 | 5,148<br>(2017-18) |
| ആകെ | | | | | 2,12,538/- |
| 3.മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| | | | | വാടക / പ്രതിമാസ നിരക്ക് | കുടിശ്ശിക / കാലയളവ് |
| 1. | | III | ശ്രീമതി.ഷൈലജാദേവി,<br>താമരശ്ശേരിൽ വീട് | @ 6,288<br>75,456 | 31,440<br>(11/17 മുതൽ |

| | | | | |
|---|---|---|---|---|
| | | | | 3/18 വരെ) |
| 2. | VI | ശ്രീ.ബാബു രാജ്, കുരുവിത്തോട്ടത്തിൽ വീട്, കാരുവേലിൽ. | @ 3,422<br>41,064 | 13,688<br>(12/17 മുതൽ<br>3/18 വരെ) |
| 3. | XIII | ശ്രീ.എ ഹരികുമാർ, രാമമന്ദിരം, ഇ.റ്റി.സി പി.ഒ, കൊട്ടാരക്കര | @ 3,956<br>47,472 | 11,868<br>(1/18 മുതൽ<br>3/18 വരെ) |
| 4. | XIV | ശ്രീ.ഷാജഹാൻ, നിഷിത മൻസിൽ,പടിഞ്ഞാറ്റിൻകര | @ 3,670<br>44,040 | 44,040<br>(4/17 മുതൽ<br>3/18 വരെ) |
| 5. | XVI | ശ്രീ.അൽഅമീൻ, ഊരം വീട്, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര | @ 2,393<br>28,716 | 26,323<br>(5/17 മുതൽ<br>3/18 വരെ) |
| 6. | XVII, XVIII, IX | ഒഴിഞ്ഞു കിടക്കുന്നു. | | |
| | | ആകെ | | 1,27,359/- |

ലേലതുക കുടിശ്ശിക 3,62,782/-രൂപ പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 31/23.11.18**

## 2-4 വസ്തു നികുതി പൂർണ്ണമായും ഈടാക്കിയില്ല.

2017-18 വർഷത്തെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.വിപിൻ ദാസ് പടിഞ്ഞാറ്റിൻകര എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ 105.05 ച.മീ, ഫസ്റ്റ് ഫ്ലോർ 105.05ച.മീ, സെക്കന്റ് ഫ്ലോർ സ്റ്റെയർ മുറി 21.26 ച.മീ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് അസിസ്റ്റന്റ് എഞ്ചിനീയർ കൊട്ടാരക്കര നഗരസഭ 6.05.17 ലെ E1-6545/17-18 നമ്പർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിനു മാത്രം

XVII/554A മുതൽ XVII/554E വരെ അഞ്ച് നമ്പരുകൾ നൽകുകയും ചതുരശ്രമീറ്ററിന് 70/-രൂപാ നിരക്കിൽ 20% വർദ്ധനവ് ഉൾപ്പടെ വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തു. ഫസ്റ്റ് ഫ്ലോറിനും സെക്കന്റ് ഫ്ലോറിനും വസ്തുനികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരമുള്ള വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഈടാക്കേണ്ട വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാം നില വിസ്തീർണ്ണം =105.05ച.മീ.

അടിസ്ഥാന വസ്തുനികുതി = 105.05x70

=7,353.5/-രൂപ

റോഡ് തരം വർദ്ധനവ്(20%) = 1471/-

വ്യവസായ ആവശ്യത്തിനുള്ള
പരിമിതി(ഒന്നാം നില ഇളവ് 5%) =367/-

ആകെ = 8,457.5/-രൂപ

സ്റ്റെയർ റൂം വിസ്തീർണ്ണം = 21.26ച.മീ.

അടിസ്ഥാന വസ്തുനികുതി =26.26x70

= 1,488/-രൂപ

ആകെ വസ്തുനികുതി = 9,945/-രൂപ

വസ്തു നികുതി പൂർണ്ണമായും ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും വസ്തുനികുതി പൂർണ്ണമായും ഈടാക്കാത്തതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം 9,945/- രൂപ അടിയന്തിരമായി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം- 10/19.11.18**
**വരവ് നഷ്ടം – 9,945/-രൂപ**

## 2-5 വസ്തു നികുതി ഫയൽ ലഭ്യമാക്കിയില്ല

2017-18 ലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട 10325/16, E1/6717/17, E1/5104/18, 288/15-6, E1/373/2017, E1/5744/18, E2/1017/15, E1/217/17, E1/408/18, 89/2016-17,

E2/7228/15, E1/13963/17, E2/1092/17, 235/2014-15 എന്നീ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വസിഷന് മേൽ ഫയലുകൾ എൽ.എസ്.ജി.ഡി വിജിലൻസ് (രസീത് തീയതി.13.07.18) പരിശോധനയ്ക്കായി കൊണ്ടുപോയിരിക്കുകയാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് റിക്വസിഷൻ നം-3/19.11.18**

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വി.ഇ.ഒയുടെ പേരിലുള്ള ബാങ്ക്അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല

കൊട്ടാരക്കര മുൻസിപ്പിലിറ്റി ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ നിർവഹണഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒയുടെ പേരിൽ ഉണ്ടായിരുന്ന യൂണിയൻ ബാങ്കിലെ 528002010001510 നമ്പർ അക്കൗണ്ട് നോൺ ബാങ്കിംഗ് ട്രഷറി പ്ലാൻ ഫണ്ട് പിൻവലിച്ച് നിക്ഷേപിക്കുന്നതിനായി ഉള്ളതായിരുന്നു. നിലവിൽ ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റിയായി മാറുകയും മുൻസിപ്പാലിറ്റിയിൽ വി.ഇ.ഒ തസ്തിക ഇല്ലാതെയും വന്ന സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടിൽ 31-3-2017 തീയതിയിൽ ബാക്കി ഉണ്ടായിരുന്ന 3,77,331/-രൂപയുടെ വിശദാംശങ്ങളും ഇപ്പോൾ ഈ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങളും ക്രയവിക്രയങ്ങളും പരിശോധനയ്ക്ക് ഹാജരാക്കുകയും അക്കൗണ്ട് ക്ലോസ് ചെയ്ത് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ-32/23.11.18**

## 3-2 ഗുണഭോക്തൃവിഹിതം - പദ്ധതി വിഭാവനം ചെയ്തതിൽ വിഷയം വ്യതിചലിച്ചു.

പദ്ധതി - എസ്.0082/18- സമഗ്രജൈവപച്ചക്കറികൃഷി വികസനം-

കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ- 1,64,000/രൂപ (വികസനഫണ്ട്- 64,000/- ,

ഗുണഭോക്തൃ വിഹിതം -1,00,000/-രൂപ)

ചെലവ്- വികസനഫണ്ട്- 56,600/- രൂപ

(ബിൽ നം.3/17-18, 14/3/18)

മേൽ പദ്ധതിയിൽ കുടുംബശ്രീ ഗ്രൂപ്പുകൾ ജൈവവളം വാങ്ങുന്നത് രണ്ടായി തരം തിരിച്ചിരുന്നു. (1)ആകെ 2,000/- രൂപ ഒരു യൂണിറ്റിനു നൽകുന്നതിൽ 1,200 രൂപയുള്ള ജൈവവളം കൃഷിഭവൻ/സഹകരണബാങ്ക്/കെയ്കോ/റെയ്ഡ്കോ/മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വാങ്ങി 75% സബ്സിഡി നിരക്കിൽ (900/- രൂപ, ഒരു യൂണിറ്റിന്) വാങ്ങി, 300/-രൂപ ഗുണഭോക്തൃവിഹിതം (ഒരു യൂണിറ്റിന് എന്ന നിരക്കിൽ ) സ്ഥാപനത്തിൽ അടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുക (2) ഗുണഭോക്താക്കൾ സ്വയം വാങ്ങി ഉപയോഗിക്കുന്ന 800/-രൂപയുള്ള ജൈവവളത്തിന് 75% സബ്സിഡി നിരക്കായ 600/-രൂപ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു, പച്ചക്കറി വിത്തുകൾക്ക് 100% സബ്സിഡി, ഒരു യൂണിറ്റിന് 700/- രൂപ നിരക്കിൽ കൂലിച്ചെലവ് സബ്സിഡി എന്നതായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്, എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കാതെ നേരിട്ട് ചെലവഴിക്കുകയായിരുന്നു. എസ്.സി.ബി തൃക്കണ്ണമംഗലിന് 20,700/-രൂപ 1150കി.ഗ്രാം (50x23) ജൈവവളം വാങ്ങിയതിന് സബ്സിഡിയായി നൽകിയെങ്കിലും ജൈവവളം സ്റ്റോക്കിലെടുത്ത് 23 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതിൻെറ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കുടുംബശ്രീ ഗ്രൂപ്പുകൾ നേരിട്ട് വാങ്ങിയതിനാലാണ് രേഖകൾ ലഭ്യമല്ലാത്തത് എന്ന മറുപടി പദ്ധതി വിഭാവനം ചെയ്തതിനു വിരുദ്ധമായിതിനാൽ അംഗീകരിക്കാനാകില്ല. കൂടാതെ 23 കുടുബശ്രീ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ, അപേക്ഷകൾ ഇവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 20,700/- രൂപ മതിയായ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം-4/15.11.18**

**ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-20,700/- രൂപ**

## 3-3 ഓ.ഡി.എഫ് ബാങ്ക് അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു. കണക്കുകൾ കൃത്യമല്ല

ഓ.ഡി.എഫ് പദ്ധതിയ്ക്കുവേണ്ടി വന്ന തുകകൾ നിക്ഷേപിച്ചിരിക്കുന്ന ഐ.സി.ഐ.സി.ഐ ബാങ്കിലെ 947 നമ്പർ അക്കൗണ്ടിൽ 23,18,427/- രൂപ(31.3.18 തീയതിയിൽ ബാക്കി നിൽക്കുന്നു. ഓ.ഡി.എഫ് പദ്ധതിയ്ക്കുവേണ്ടി വന്ന തുകകളിൽ പദ്ധതി പൂർത്തിയാക്കിയതിനുശേഷം ഇത്രയും തുക ബാക്കി നിൽക്കാനുള്ള കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി 415 പേർക്ക് 5,333/-രൂപ നിരക്കിൽ 22,13,195/-രൂപ ആണ് വന്നത്. എന്നാൽ പരിശോധനയിൽ 254 പേർക്കാണ് അർഹതയുള്ളതായി കണ്ടെത്തിയതും ആയതിന്റെ അന്തിമപട്ടിക ആണ് കൗൺസിൽ അംഗീകരിച്ചതും. ബാക്കി വന്ന തുക ആണ് ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. കൗൺസിൽ അംഗീകരിച്ച് എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളിൽ മൂന്നാം ഗഡു ആയ 5,000/- രൂപ കൈപ്പറ്റി പണി പൂർത്തിയാക്കാത്ത 33 പേർ ഉണ്ടെന്നും ആയതിന്റെ തുകയും ഉൾപ്പെടെ ആണ് ബാക്കി നിൽക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഓ.ഡി.എഫിന്റെ രജിസ്റ്റർ പരിശോധിച്ചപ്പോൾ ആകെ 210 ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. ആയതിൽ 30 പേർ പണി പൂർത്തിയാക്കിയിട്ടില്ല. ആയതിലെ പൊരുത്തക്കേടിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററും ഫയലുകളും കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുകയും അധികമായി നിൽക്കുന്ന തുക തിരികെ ഒടുക്കുകയും ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-35/24.11.18**

## 3-4 ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ |
| പ്രോജക്റ്റ് നം | 118/18 |
| അടങ്കൽ തുക | 12,22,400/-രൂപ (വികസനഫണ്ട് എസ്.സി.പി) |
| ചെലവഴിച്ച തുക | 12,22,400/- (ബിൽ നം-8/21-3-18) |

**ഓഡിറ്റ് എൻക്വയറി നം 20/21-11-18**

മേൽ പദ്ധതി വഴി 50 ലാപ്ടോപ്പുകൾ 24,448/-രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേൽ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I.ലാപ്ടോപ്പ് ലഭിച്ച വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നതാണെന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും |
|---|---|
| 1. | സജില, ചിപ്പിഭവനം, ഈയ്യംകുന്ന്, പുലമൺ പി.ഒ, |
| 2. | അനുപമരാജ്, ചിത്തിര, നീലേശ്വരം പി.ഒ, |
| 3. | വിഷ്ണു.എ, തുരുത്തിക്കര കിഴക്കതിൽ, തൃക്കണ്ണമംഗൽ, |
| 4. | മിതാമധു, പുളിവിളവീട്, പടിഞ്ഞാറ്റിൻകര, |
| 5. | വിഷ്ണു.ജി.ആർ, കുര്യോട്ട് വീട്, ഈയ്യംകുന്ന്, |
| 6. | അഭിജിത്ത്, സ്നേഹാലയം, പുലമൺ |

മേൽ വിഷയം സംബന്ധിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റ് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. അർഹത തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ മേൽവിദ്യാർത്ഥികൾക്ക് നൽകുന്നതിനായി ചെലവഴിച്ച 1,46,688 (24,448 x 6 ) രൂപ തടസ്സപ്പെടുത്തുന്നു.

II.ലാപ്ടോപ്പ് ലഭിച്ച വിദ്യാർത്ഥികൾ പഠിച്ചു കൊണ്ടിരിക്കുന്ന കോഴ്സ്, പഠനം നടത്തുന്ന സ്ഥാപനം എന്നിവയുടെ അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

| **ക്രമ നം** | **വിദ്യാർത്ഥികളുടെ പേര് വിവരം** | **കോഴ്സ് സംബന്ധിച്ച വിവരം** | **പഠിക്കുന്ന സ്ഥാപനത്തിന്റെ അംഗീകാരം** |
|---|---|---|---|
| 1 | മിത്രാസുരേന്ദ്രൻ, കാടാംകുളത്ത് വീട്, ഇ.റ്റി.സി.പി.ഒ | 6മാസദൈർഘ്യമുള്ള ഡി.സി.എ.കോഴ്സ്. | കോളേജ് ഓഫ് അപ്ലൈഡ്സയൻസ്, അടൂർ |
| 2 | വിപിൻരാജ്.ഡി.എസ്, | ഡിപ്ലോമ ഇൻ പ്രൊഫഷണൽ | മൂന്നാർ കാറ്ററിംഗ് കോളേജ്, റോയൽ |

| | | | |
|---|---|---|---|
| | വിഷ്ണുനിവാസ്, പടിഞ്ഞാറ്റിൻകര | കുക്കറി(ഒരു വർഷ കോഴ്സ്) | ഗ്രൂപ്പ് |
| 3 | പ്രശോഭ് ദാസ്, മനുഭവൻ, പുലമൺ | സി-ടെക് ഹയർ ഡിപ്ലോമ | ~~ഇമേജ് ക്രിയേറ്റീവ്~~ എഡ്യൂക്കേഷൻ, അമൃത ലക്ഷ്മി ടവർ, വടയാറ്റുകോട്ട |

സബ്സിഡി മാർഗ്ഗരേഖ(ജി.ഒ.(എം.എസ്)80/17 ത.സ്വ.ഭ.വ 3-4-17) ഖ.11.8.6ൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്ദര ബിരുദം)എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ് സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നല്കാവൂ എന്നും വ്യക്തമാക്കുന്നുണ്ട്. മേൽ വിദ്യാർത്ഥികൾ അംഗീകൃത കോളേജുകളിലാണ് പഠനം നടത്തുന്നതെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നല്കുന്നതിന് വേണ്ടി ചെലവഴിച്ച 73,344/-രൂപ (24448x3) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3.ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകതകൾ.

മേൽ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങളായി പ്രോജക്റ്റിലും അപേക്ഷയിലും ചേർത്തിരുന്നത് ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നതും പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്നതും മറ്റ് വിദ്യാർത്ഥികളുള്ള കുടുംബത്തിലുൾപ്പെട്ടതും സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് [ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർസയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്ദര ബിരുദം,)എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ് സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ

ആനുകൂല്യം നല്കുന്നു]. ആനുകൂല്യം നല്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരുന്നത്. മേൽ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ അന്തിമ ഗുണഭോക്തൃലിസ്റ്റിൽ 95 വിദ്യാർത്ഥികളാണ് ഉൾപ്പെട്ടിരുന്നത്. മേൽ പദ്ധതി വഴി 50 വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് നല്കിയിരിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വരുമാനപരിധി ബാധകമല്ലെന്ന് സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)80/17 ത.സ്വ.ഭ.വ 3-4-17) ഖ.11.8.8ൽ വ്യക്തമാക്കുന്നുണ്ട്. ലാപ്ടോപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ അപേക്ഷ പരിശോധിച്ചതിൽ മാതാവും പിതാവും സർക്കാരുദ്യോഗസ്ഥരായവർക്കും മേൽ ആനുകൂല്യം ലഭിച്ചിരിക്കുന്നതായി കണ്ടു. ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട ആനുകൂല്യം ലഭിക്കാത്ത 45 പേരുടെയും അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ചതിന് ശേഷമാണോ ഉയർന്ന സാമ്പത്തിക നിലയിലുള്ളവർക്ക് ആനുകൂല്യം നല്കിയതെന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടതും ലാപ്ടോപ്പ് സ്വന്തമായി വാങ്ങുവാൻ കഴിവില്ലാത്തതും മാർഗ്ഗരേഖകൾ പ്രകാരം അർഹരായതുമായ എല്ലാ വിദ്യാർത്ഥികൾക്കും നല്കിയതിന് ശേഷം മാത്രം സാമ്പത്തികമായി മുന്നോക്കം നില്ക്കുന്നവരെ ആനുകൂല്യത്തിന് പരിഗണിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

IV.പഠന രേഖകളില്ലാതെ ലാപ്ടോപ്പ് നല്കി.

ലാപ്ടോപ്പ് വിതരണരേഖകൾ പ്രകാരം 50 കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരുന്നെങ്കിലും 49 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. വിതരണരേഖകൾ പ്രകാരം ചന്ദ്രിക എന്ന പേരിൽ ലാപ്ട്ടോപ്പ് കൈപ്പറ്റിയതിന്റെ അപേക്ഷ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് ടിയാളുടെ മകളുടെ പേരിലുള്ള അപേക്ഷ ഹാജരാക്കിയെങ്കിലും പഠനരേഖകൾ ഹാജരാക്കിയില്ല. പഠനരേഖകളുടെ അഭാവത്തിൽ ടി വ്യക്തിക്ക് ലാപ്ട്ടോപ്പ് നല്കുന്നതിനുവേണ്ടി ചെലവഴിച്ച 24,448/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഠനരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**തടസം-ഖണ്ഡിക-3.4.1 -1,46,688/-രൂപ**

**ഖണ്ഡിക-3.4.2-73,344/-രൂപ**

**ഖണ്ഡിക-3.4.4-24,448/-രൂപ**

# 3-5 സ്പിൽ ഓവർ പ്രോജക്ടുകൾക്കായി നൽകിയ

# തനതുഫണ്ട് തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല

2016-17 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവഹണം എന്ന പേരിൽ മരാമത്തു പണികളുടെ തനതുഫണ്ട് വിഹിതം ആയി നൽകിയ തുകയുടെ ചെലവു വിവരങ്ങൾ ലഭ്യമല്ല. ട്രഷറി അക്കൗണ്ടിലെ 29-8-2017തീയതിയിലെ 1298685-ാം നമ്പർ ചെക്ക് പ്രകാരം 34,63,795/-രൂപയാണ് മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയിരിക്കുന്നത്. എന്നാൽ ആയതിന്റെ നോട്ട് ഫയൽ പ്രകാരം 29 പ്രവൃത്തികൾക്കായി നിയമാനുസൃതനികുതി ഉൾപ്പെടെയാണ് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിന്റെ കൃത്യമായ ചെലവുവിവരങ്ങളും തുക ബന്ധപ്പെട്ട കൺവീനർ കരാറുകാർക്ക് നൽകിയതിന്റെ വിവരങ്ങളും നിയമാനുസൃത നികുതി അടച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വർക്കുകൾക്ക് പ്ലാൻഫണ്ടിൽ നിന്നും നിയമാനുസൃതനികുതി ഈടാക്കിയിട്ടില്ല എന്നുതെളിയിക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിലുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-35/24.11.18**

**തടസ്സപ്പെടുത്തിയ തുക-34,63,795/-**

# 3-6 സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ -അനുവദനീയമായതിലും അധികം തുക ചെലവഴിച്ച് കമ്പ്യൂട്ടർ വാങ്ങി അധികചെലവ്- 12,970/-

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ഗവ.എൽ.പി.സ്കൂൾ |
| പ്രോജക്റ്റ് നം | 119/18 അമ്പലപ്പുറം GWLPS ന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ തുക | 50,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവഴിച്ച തുക | 50,000/-<br>(ബിൽ നം - 9/27-3-18) |

DPI യുടെ 21-11-16 ലെ NEP3/10192/2015 ഉത്തരവിൽ ഗവ.ഫണ്ട് എം.പി, എം.എൽ.എഫണ്ട്, എൽ.എസ്.ജി.എെ.ഫണ്ട് മുതലായവ ഉപയോഗിച്ച് സ്കൂളുകൾക്ക്

ലാപ്ടോപ്പ്, ഡെസ്ക്ക്ടോപ്പ് മുതലായവ വാങ്ങുമ്പോൾ പാലിക്കേണ്ട മിനിമം സ്പെസിഫിക്കേഷൻ, പരമാവധി വില എന്നിവ വ്യക്തമാക്കിയിരുന്നു. ടി ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്ന എെെ.റ്റി ഉപകരണങ്ങളോടൊപ്പം ഏതാനും ഇനങ്ങൾ കൂടി കൂട്ടിച്ചേർത്ത് 30-5-17ൽ NEP3/40036/17-ാം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയിലും സ്പെസിഫിക്കേഷനിലും മാറ്റം വരുത്തിയിരുന്നില്ല. മേൽ ഉത്തരവുകൾ പ്രകാരം സ്കൂളുകൾക്ക് വാങ്ങി നല്കുന്ന ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ഒരെണ്ണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 24,830/-രൂപയാണ്. കൂടാതെ സ്പെസിഫിക്കേഷനുകളിൽ ടി കമ്പ്യൂട്ടറുകളുടെ ഓപ്പറേറ്റിംഗ് സിസ്റ്റം IT@School, Edubuntu 14.04 ആയിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി 50,000/-രൂപ ചെലവഴിച്ച് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി വിൻഡോസ് 8.1 ഓപ്പറേറ്റിംഗ് സിസ്റ്റമായുള്ള കമ്പ്യൂട്ടറാണ് 37,800/-രൂപ ചെലവഴിച്ച് (12,970/-അധികം) വാങ്ങിയിരിക്കുന്നത് (മുനിസിപ്പൽ കൗൺസിലിന്റെ 20-11-17ലെ 6-ാം നം തീരുമാന പ്രകാരം). സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് വ്യക്തമായ മാർഗ്ഗരേഖകളുണ്ടായിരിക്കെ അതിന് വിരുദ്ധമായി വാങ്ങലുകൾ നടത്തിയതിന്റെ കാരണം അന്വേഷിച്ചു കൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കമ്പ്യൂട്ടർ സ്കൂളിന്റെ ഓഫീസ് ഉപയോഗത്തിനായതിനാൽ അമ്പലപ്പുറം ഗവ.സ്കൂൾ എച്ച്.എം ന്റെ ആവശ്യനിർദ്ദേശങ്ങൾ പ്രകാരവും, നല്ല ഗുണനിലവാരമുള്ളതും മുന്തിയ ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ളതുമായ കമ്പ്യൂട്ടർ വാങ്ങണമെന്ന കൗൺസിലിന്റെ തീരുമാനപ്രകാരവുമാണ് വാങ്ങൽ നടത്തിയതെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. കൂടാതെ മേൽ ഉത്തരവുകളെപ്പറ്റി ഓഡിറ്റിൽ സൂചിപ്പിക്കുംവരെ അറിവില്ലായിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സ്കൂളിന്റെ ഓഫീസ് ഉപയോഗമോ, പഠനോപയോഗമോ ഉൾപ്പെടെയുള്ള ഏതാവശ്യത്തിനായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്താനനുമതിയില്ലാത്തതിനാൽ മേൽ കമ്പ്യൂട്ടർ വാങ്ങലിന് വേണ്ടി അധികമായി ചെലവഴിച്ച 12,970/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം- 20/21-11-18**

**നിരാകരിച്ച തുക-12,970/-രൂപ**

# 3-7 സ്വയം തൊഴിൽ പദ്ധതി-ടി.എസ്.പി വനിത - സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് സബ്സിഡി നല്കി- തൊഴിൽ സംരംഭം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ജെ.എച്ച്.എെ (എസ്.സി.ഡി.ഒ. നടപ്പിലാക്കേണ്ട പദ്ധതികൾ) |
| പ്രോജക്റ്റ് നം | 238/18 |
| അടങ്കൽ തുക | 80,000/-രൂപ (വികസനഫണ്ട് റ്റി.എസ്.പി) |
| ചെലവഴിച്ച തുക | 80,000/-(ബിൽ നം 1/21-3-18) |

കൊട്ടാരക്കര നഗരസഭയിലെ പട്ടിക വർഗ്ഗത്തിൽ ഉള്ള കുടുംബത്തിലെ വനിതയ്ക്ക് സ്വയം തൊഴിൽ ചെയ്തു ജീവിക്കുന്നതിന് സഹായം നല്കുന്നതിനായാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. മേൽ പദ്ധതി വഴി ശ്രീമതി.സുബിത, സുബിതാഭവനം, നീലേശ്വരം എന്ന വ്യക്തിയ്ക്ക് ടെയ്ലറിംഗ് & ഗാർമെന്റ്സ് എന്ന സംരംഭത്തിനായി പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചതിൻ പ്രകാരം 80,000/-രൂപ ധനസഹായം നല്കിയിരുന്നു. മേൽ സംരംഭം സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ടിൽ സബ്സിഡിയും ബാങ്ക് ലോണും ഉപയോഗിച്ച് വിവിധയിനം വസ്ത്രങ്ങൾ കുറഞ്ഞ ചെലവിൽ തയ്ച്ചു കൊടുക്കുകയും റെഡിമെയ്ഡ് ഗാർമെന്റ്സുകളുടെ വിൽപ്പനയുമാണ് ഉദ്ദേശിച്ചത്. മേൽ പദ്ധതി ആനുകൂല്യത്തിനായി ടിയാൾ സമർപ്പിച്ച 80,900/-രൂപയുടെ ബില്ലുകൾ പ്രകാരം 80,000/- രൂപ നല്കിയിരുന്നു. ബില്ലുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1.രാഖി എന്റർപ്രൈസസിന്റെ 1-2-18ലെ 50,900/-രൂപയുടെ ബിൽ

തയ്യൽ മെഷീൻ -5 @ 8,800/-

1/2 HP മോട്ടോർ- 3 @ 1,650/-

കത്രിക 3 @ 650/-

2.ശ്രീഭദ്രാ ഫർണീച്ചർ പാലസിന്റെ 1-3-18 ലെ 1003- ാം നം ബിൽ, തുക-30,000/-

ഓഫീസ് ടേബിൾ 1 @ 5,500/-രൂപ

സ്റ്റീൽ അലമാര1- 8,000/-രൂപ

പ്ലെയിൻ ടേബിൾ 1- 4,500/-രൂപ

ironing board 1-3,500/-രൂപ

നീൽ കമൽ ചെയർ- 5 @ 750- 3,250/-രൂപ

നീൽ കമൽ സ്റ്റൂൾ - 5 @ 250- 1,250/-രൂപ

സ്റ്റീൽ അലമാര സ്റ്റാർ1-4,000/-രൂപ

<u>മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1.സബ്സിഡി മാർഗ്ഗ രേഖകൾ പ്രകാരം (ഖ.7-1,7-9) വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും തയ്യൽ മെഷീൻ, ഫർണീച്ചർ മുതലായവയ്ക്ക് സബ്സിഡി നല്കാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. (SC/ST വിദ്യാർത്ഥികൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്കും ഫർണീച്ചർ, വൃദ്ധർക്ക് കട്ടിൽ എന്നിവ ഒഴികെ)

2. സ്വയം തൊഴിലിന് ആസ്തികൾക്ക് സബ്സിഡി നല്കുന്ന പദ്ധതികൾ വായ്പാബന്ധിതമായിരിക്കണമെന്നും സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡി ആയി നല്കണമെന്നും വ്യക്തമാക്കുന്നുണ്ട്. മേൽ വ്യക്തിക്ക് പഞ്ചാബ് നാഷണൽ ബാങ്ക്, കൊട്ടാരക്കര (Lr. Date 17-2-18) യിലെ 4298008900000114 എന്ന അക്കൗണ്ട് വഴി 80,000/-രൂപയുടെ ലോൺ അനുവദിച്ചിട്ടുണ്ടെങ്കിലും സബ്സിഡി തുക നല്കിയിരിക്കുന്നത് ടി അക്കൗണ്ട് വഴിയല്ല. ലോൺ തുക അനുവദിച്ചിരിക്കുന്നത് പഞ്ചാബ് നാഷണൽ ബാങ്കിന്റെ 4298003171l654 എന്ന അക്കൗണ്ടിലേക്കാണ്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയിലെ ജെ.എച്ച്.എെയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടിയാൾ അപേക്ഷയോടൊപ്പം ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ഒരു ഉപകരണം പോലും വാങ്ങുകയോ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുകയോ ഇല്ലെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ശ്രീമതി.സുബിത ഹോംനഴ്സായി പുനലൂരിൽ ജോലി ചെയ്യുകയാണെന്നും ടിയാളുടെ പിതാവും കുടുംബാംഗങ്ങളും അറിയിച്ചു. ഇതിൽനിന്നും ടിയാൾ സമർപ്പിച്ച ബില്ലുകളിന്മേൽ പരിശോധനയോ ടിയാളുടെ പ്രോജക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗോ കൂടാതെ ടി വ്യക്തി സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ടുപ്രകാരം മാത്രം തുക കൈമാറിയിരിക്കുകയാണെന്നും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. സ്വയംതൊഴിൽ നല്കുക വഴി ദാരിദ്ര്യനിർമ്മാർജ്ജനം ഉറപ്പു വരുത്തേണ്ട മേൽ പദ്ധതി ലക്ഷ്യം കണ്ടില്ല. പ്രസ്തുത വ്യക്തിയെക്കൊണ്ട് തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം

അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിയാൾക്ക് അനുകൂല്യം നല്കുന്നതിന് വേണ്ടി ചെലവഴിച്ച 80,000/-രൂപ നിർവ്വഹണഉദ്യോഗസ്ഥനിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തുക തടസ്സപ്പെടുത്തുന്നു. മേൽവിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.

**ഓഡിറ്റ് എൻക്വയറി നം-30/23.11.18**

**തടസ്സപ്പെടുത്തിയ തുക-80,000/-രൂപ**

## 3-8 ടാർ വാങ്ങി നൽകിയെങ്കിലും പണി നടത്തിയിട്ടില്ല

മുൻസിപ്പാലിറ്റിയിൽ നിന്നും മരാമത്ത് പണിക്കായി ടാർ വാങ്ങി നൽകിയെങ്കിലും നാളിതുവരെ പണി നടത്തിയിട്ടില്ല. അമ്മുമ്മമുക്ക് കാടാംകുളം റോഡ് റീടാറിംഗ് എന്ന പ്രോജക്ടിനായി (190/18) 11 ബാരൽ ബിറ്റുമിനും 1 ബാരൽ എമൽഷനും കോൺട്രാക്ടർക്ക് (ശ്രീ.ജി.മോഹനൻനായർക്ക്) 25.7.17 തീയതിയിൽ നൽകിയിട്ടുണ്ട്. 2016-17 വർഷത്തെ പ്രോജക്ടിനായി 2017-18 ൽ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കുകയും 25.7.17 തീയതിയിൽ B2 6/AE/LSGD/KTR/MC/2017-18 നമ്പർ ആയി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. ആയതിനായി നൽകിയ ബിറ്റുമിൻ 6 ബാരൽ മുൻസിപ്പാലിറ്റി പരിസരത്ത് സൂക്ഷിക്കുന്നതായി മുനിസിപ്പൽ എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പണി ആരംഭിക്കാതിരുന്നതിനാൽ സ്വീകരിക്കേണ്ട യാതൊരു നിയമനടപടികളും നാളിതുവരെ സ്വീകരിക്കാത്തതിനാൽ നൽകിയ ബിറ്റുമിന്റെയും, എമൽഷന്റെയും തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 17/21-11-18**

## 3-9 ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ

1.കുടിവെള്ള ക്ഷാമം നേരിടുന്നവർക്ക് 500 ലിറ്റർ പി.വി.സി.വാട്ടർ ടാങ്ക്-ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ ഗുണഭോക്തൃവിഹിതമിനത്തിലുള്ള തുക കൂടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഉൻസ്പെക്ടർ |
| | |

| | |
|---|---|
| പ്രോജക്റ്റ് നം | 240/18 |
| അടങ്കൽ തുക | 60,000/-(വികസനഫണ്ട് എസ്.സി.പി) |
| ചെലവഴിച്ച തുക | 56,000/-<br>(ബിൽ നം 20/31-3-18) |

മേൽ പദ്ധതി നടത്തിപ്പിന് വേണ്ടിയുള്ള മാർഗ്ഗ രേഖകളിൽ ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും അടങ്കൽ തുകയിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. മേൽ പദ്ധതിക്ക് വേണ്ടി 900/- രൂപ വീതം 18,000/- രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ ഫ്രണ്ട് ഓഫീസ് മുഖേന ശേഖരിച്ചിരുന്നു. മേൽ പദ്ധതി വഴി 2800/- രൂപ നിരക്കിലുള്ള 20 വാട്ടർ ടാങ്കുകൾ 56,000/-രൂപ ചെലവഴിച്ച മിഡ് ലാന്റ് ഇലക്ട്രിക്കൽസിൽനിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ ശേഖരിച്ച തുക തനതുഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിക്കാതെ പദ്ധതിക്കുവേണ്ടി ചെലവായ മുഴുവൻ തുകയും വികസനഫണ്ടിൽനിന്നും ചെലവഴിച്ചിരിക്കുകയാണ്. 18,000/-രൂപ ഗുണഭോക്തൃവിഹിതമൊഴികെയുള്ള തുകയായ 38,000/-രൂപ മാത്രം വികസനഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനുപകരം ഗുണഭോക്തൃവിഹിതം കൂടി വികസനഫണ്ടിൽനിന്നും ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ ശേഖരിച്ച തുക 18,000/-രൂപ തനത്ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തി രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം - 2/13-11-18**

2.വാട്ടർ ടാങ്കുകൾ വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകതകൾ.

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.4 ൽ 15,000/-രൂപയ്ക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നോട്ടീസ് സർക്കാർ വെബ്സൈറ്റിലും പത്രങ്ങളിലും പരസ്യം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ മേൽ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി നടത്തിപ്പിലെ അറിവില്ലായ്മമൂലം സംഭവിച്ചതാണെന്നും മേൽ അപാകത ആവർത്തിക്കില്ലെന്നും

നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു പർച്ചേസുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി – ചെയ്യാത്ത പ്രവൃത്തികൾക്ക് തൊഴിലാളികൾക്ക് കൂലി നൽകി- നിരാകരിയ്ക്കുന്ന തുക-2,19,433/-രൂപ

2017-2018 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ്പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അപാകത ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ :ശ്രീമതി അഞ്ജലി കൃഷ്ണൻ, അക്രഡിറ്റഡ് ഓവർസിയർ, അയ്യങ്കാളി നഗര തൊഴിലുറപ്പ് വിഭാഗം

തൻ വർഷത്തെ ആകെ കൂലി ചെലവ് : 1,05,48,576/-രൂപ

നഗരസഭയുടെ വിവിധ വാർഡുകളിൽ ഓവുചാൽ ശുചീകരണം, ചെറുതോട് ശുചീകരണം, റോഡ് വശങ്ങളിൽ ഓവുചാൽ നിർമ്മാണം എന്നീ പേരുകളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലെ പിശകും, മൂല്യനിർണ്ണയത്തിലെ അശ്രദ്ധയും മൂലം നിർവ്വഹിക്കാത്ത പ്രവൃത്തികൾക്ക്, അളവ് രേഖപ്പെടുത്തി തൊഴിലാളികൾക്ക് അർഹതയില്ലാതെ കൂലി നൽകിയതായി കണ്ടെത്തി. റോഡിന്റെ ഇരുവശത്തുമുള്ള കാട് വെട്ടിത്തെളിച്ചതിനുശേഷം ഇരുവശത്തും ഓട/തോട് നിർമ്മിക്കുകയോ വെട്ടുകയോ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചു. എന്നാൽ റോഡുകളിൽ ഒരു വശത്ത് മാത്രമാണ് ഓടയുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയവും നടത്തി തുക അനുവദിച്ചതിനാൽ നഗരസഭയിലെ 9 വാർഡുകളിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ കൂലിയിനത്തിൽ 2,19,433/-രൂപ അധികം അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ വാർഡ്നം. | ഭരണാനുമതി നം. | സാങ്കേതിക അനുമതി നം. | മസ്റ്റർറോൾ പ്രകാരം പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തിയ കാലയളവ് | എം.ബുക്ക് നം. | ഓടയുടെ യഥാർത്ഥ അളവ് / അർഹതപ്പെട്ട തുക(രൂപ) | ഓടയുടെ തെറ്റായി രേഖപ്പെടുത്തിയ അളവ്/ അനുവദിച്ച തുക | അധികം അനുവദിച്ച തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|---|---|---|---|---|---|
| 1. | അലമൺ പാലം മുതൽ ചേരംകാവ് | 3/18.1.17 | 15/AK/ KTR/16-17 | 03/03/17- 17.03.17 | 15/20/ 16-17 | 6000മീ.നീളം x30 സെ.മീ.വീതി x20 സെ.മീ.ആഴം | 360 എം.3x2 (2 വശം) -720 എം$^3$ @ | 36,432/- | 024697/ 10.04.17 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഭാഗം വരെയുള്ള കനാൽ ശുചീകരണം – വാർഡ്-15 | | | | | =ആകെ 360 എം$^3$ 3x1012രൂപ/10 എം$^3$(നിരക്ക്)= 36,432/-രൂപ | 1012രൂപ/ 10എം.3(നിരക്ക്) = 72,864/-രൂപ | | |
| 2. | ഓട നിർമ്മാണം – വാർഡ്-7 | 5/15.04.17 | 170/ AK/KTR/16-17 | 20.07.17-24.07.17 | 7/165/16-17 | 1800 മി.നീളം x30 സെ.മീ. വീതിx20 സെ.മീ.ആഴം= ആകെ 108 എം$^3$ 108 എം.3x1314 രൂപ/10എം$^3$ (നിരക്ക്)= 14,191/-രൂപ | 108 എം.3x2(2 വശം )-216 എം$^3$ @1314 രൂപ/10എം$^3$ (നിരക്ക്) = 28,382/-രൂപ | 14,191 | 284195/ 10.11.17 |
| 3. | ഉരുകല്ലം റോഡ് സംരക്ഷണം- വാർഡ് 24 | -ടി- | 166/ AK/KTR /16-17 | 13.7.17-20.07.17 | 10/169/16-17 | 1200 മി. നീളം x30 സെ.മീ. വീതിx30 സെ.മീ.ആഴം =ആകെ 108 എം$^3$ 108 എം.3x 1012 രൂപ /10എം$^3$(നിരക്ക്)= 10,929.60/-രൂപ | 108 എം.3x2 (2 വശം )- 216 എം$^3$ @ 1012 രൂപ/10 എം$^3$(നിരക്ക്) = 21,859/-രൂ | 10,929 | 284196/ 18.11.17 |
| 4. | റോഡ് വശങ്ങളിലെ ചാൽ നിർമ്മാണം – വാർഡ് 29 | -ടി- | 73/ AK/ KTR/16-17 | 25.04.17-23.05.17 | 29/102/16-17 | 1750മി.നീളം x120സെ.മീ. വീതിx20 സെ.മീ.ആഴം =ആകെ 420എം$^3$ 420 എം.3x 1012 രൂപ/10എം$^3$ (നിരക്ക്)= 42,504/-രൂപ | 420 മീ3x2 (2 വശം )-840 എം$^3$@ 1012 രൂപ/10 എം$^3$(നിരക്ക്) = 85,008/-രൂപ | 42,504 | 24736/ 08.09.17 |
| 5. | റോഡ് വശങ്ങളിലെ ചാൽ നിർമ്മാണം – വാർഡ് 28 | -ടി- | 120/ AK/ KTR/16-17 | 9.06.17-23.06.17 | 28/193/16-17 | 3200മി.നീളം x30സെ.മീ. വീതിx35 സെ.മീ. ആഴം =ആകെ 336 എം.3 336 എം.3x 1012 രൂപ/10എം$^3$ (നിരക്ക്)= 34,003/- | 336 എം$^3$x2 (2 വശം ) -672 എം$^3$ @ 1012 രൂപ/10 എം$^3$(നിരക്ക്) = 68,006/-രൂ | 34,003 | 284194/ 8.11.17 |
| 6. | റോഡ് വശങ്ങളിലെ ചാൽ നിർമ്മാണം – വാർഡ് 10 | 5/18.05.17 | 109/ AK/KTR/16-17 | 26.05.17-19.06.17 | 10/71/16-17 | 5000മി.നീളം x30സെ.മീ.വീതി x25 സെ.മീ. ആഴം= ആകെ -375 എം.3 375 എം. 3x 1012 രൂപ/10എം.3 (നിരക്ക്)= 37,950/- | 375 എം.3x2(2 വശം )-750 എം$^3$ @ 1012 രൂപ/ 10എം$^3$ (നിരക്ക്) = 75,900/-രൂപ | 37,950 | 24735/ 30.08.17 |
| 7. | തട്ടത്ത്പ്പള്ളി മുളംകുന്ന് വലിയ | 3/18.01.17 | 13/ AK/KTR/16-17 | 04.03.17-9.03.17 | 12/21/16-17 | 1) 800മി.നീളം x60സെ.മീ.വീതി x30 സെ.മീ.ആഴം =144 എം$^3$ | 244 മീ 3x2(2 വശം) -488 എം.3 @ 1012 | 24,692/- | 565443/ 12.04.17 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | കനാൽറോഡ്–വാർഡ് 12 | | | | | 2)200 മി.നീളം x50സെ.മീ.വീതി x25 സെ.മീ.ആഴം =25 മീ3<br>3) 500 മി.നീളം x50സെ.മീ.വീതി x30 സെ.മീ.ആഴം =75 മീ3<br>ആകെ 244 മീ3x 1012 രൂപ/10എം. 3(നിരക്ക്)= 24,692.80/- | രൂപ/10എം$^3$ (നിരക്ക്) = 49,385/-രൂപ | | |
| 8. | എൻജിനീയറിംഗ് കോളജ് റോഡ് ചാൽ നിർമ്മാണം – വാർഡ് 20 | 5/15.04.17 | 102/ AK/KTR/ 16-17 | 22.05.17-25.05.17 | 20/124/16-17 | 2200മി.നീളം x30സെ.മീ.വീതി x20 സെ.മീ.ആഴം =ആകെ 132 എം$^3$ 132 മീ3x 1012 രൂപ/10എം$^3$ (നിരക്ക്)= 13,358.40/- | 132 മീ3x2(2 വശം) – 264 മീ3 @ 1012 രൂപ/ 10എം. 3(നിരക്ക്) = 26,717/-രൂ | 13,358 | 24739/ 13.10.17 |
| 9. | ശാന്തി ടീയറ്റർ ചെറുതോട് ശുചീകരണം –വാർഡ് -6 | 7/18.01.17 | 07/ AK/ KTR/16-17 | 06.03.17-16.03.17 | 6/18/16-17 | 300മി.നീളം x70സെ.മീ. വീതിx30 സെ.മീ. ആഴം =ആകെ 63 മീ3 63 മീ3x 853 രൂപ/10എം$^3$ (നിരക്ക്)= 5,373.90/- | 63 എം.3x2 (2 വശം ) – 853 എം.3 @ 1012 രൂപ/10എം. 3(നിരക്ക്) = 10,748/-രൂ | 5,374 | 024698/ 10.04.17 |
| | | | | | | | | ആകെ തുക | 2,19,433/- |

മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളുടെ സാങ്കേതിക അനുമതി നൽകിയ സമിതിയുടെ കൺവീനർ ശ്രീമതി.അഞ്ജലി കൃഷ്ണൻ, അക്രഡിറ്റഡ് ഓവർസീയറും ചെയർമാൻ ശ്രീ.എൻ.വിജയൻപിള്ള, കൊട്ടാരക്കര നഗരസഭയുടെ എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എൻജിനീയറുമാണ്. എം.ബുക്കുകളിൽ മൂല്യനിർണ്ണയ അളവുകൾ രേഖപ്പെടുത്തിയത് ശ്രീമതി.അഞ്ജലി കൃഷ്ണനും ചെക്ക് മെഷർമെന്റ് നടത്തിയത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.എൻ.വിജയൻ പിള്ളയുമാണ്. അതിനാൽ നഷ്ടമായി തിട്ടപ്പെടുത്തിയ 2,19,433/-രൂപ ഇവരിൽ നിന്നും തുല്യമായി (1,09,716.50 വീതം) ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികം നൽകിയ തുക ബന്ധപ്പെട്ട തൊഴിലാളികളിൽനിന്നും ഈടാക്കുന്നതാണെന്ന് അക്രഡിറ്റഡ് ഓവർസിയർ മറുപടി നൽകി.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് നഗരസഭയിൽ കാര്യക്ഷമമല്ലാത്തതിനാലാണ് മേൽ വീഴ്ച നിരവധി പ്രവൃത്തികളിൽ ആവർത്തിച്ചത്. എസ്റ്റിമേറ്റുകൾ ലാഘവത്തോടെ തയ്യാറാക്കിയ തൊഴിലുറപ്പ് വിഭാഗത്തിന്റെയും ആയത് സൂക്ഷ്മമായി പരിശോധിക്കാതിരുന്ന എൽ.എസ്.ജി.ഡി

അസിസ്റ്റന്റ് എൻജിനീയറുടേയും വീഴ്ച ഗൗരവതരമാണ്. വികസന സ്റ്റാൻഡിംഗ് കമ്മറ്റിയും ചുമതല നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടു. ചൂണ്ടിക്കാണിച്ച അപാകതകളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

നിരക്ക് സംബന്ധിച്ച് കുറിപ്പ്

1.കനാലിന്റെ ഉള്ളിലുള്ള കട്ടിയുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന നിരക്ക്-1012/10m$^3$

2.കട്ടുപ്പമുള്ള മണ്ണിൽ കനാൽ നിർമ്മിക്കുന്നതിന് നിരക്ക് -1314/10m3

3.തോടിന്റെ ആഴം കൂട്ടുന്നതിന് നിരക്ക്-853/10m3

**ഓഡിറ്റ് എൻക്വയറി നം.28/23.11.2018**

## 3-11 കോയിപ്പുറത്ത് വിള റീടെയിനിംഗ് വാൾ നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും- റോഡിന്റെ വീതിയിൽ അധിക വീതിയിൽ കോൺക്രീറ്റ് ചെയ്തു - തുക തടസ്സപ്പെടുത്തുന്നു.

കോയിപ്പുറത്ത് വിള റീടെയിനിംഗ് വാൾ നിർമ്മാണവും റോഡ് കോൺക്രീററിംഗും

പ്രോജക്ട്നം-32/17-18

കരാറുകാരൻ- ശ്രീ.അശോകൻ

തനതുഫണ്ട്-2,00,000/-രൂപ

മെയിന്റനൻസ് ഫണ്ട് -1,00,000/-രൂപ

എം-ബുക്ക്-57/17-18

ബിൽ നമ്പർ – 59/17-18, 24-3-18

കോയിപ്പുറത്തുവിള റീടെയിനിംഗ് വാൾനിർമ്മാണവും റോഡ് കോൺക്രീറ്റിംഗും എന്നപദ്ധതിയിൽ 15മീറ്റർ നീളത്തിൽ സൈഡ്‌വാൾ നിർമ്മിച്ച് മുകളിൽ 15x0.5x0.05=.375 അളവിൽ കോൺക്രീറ്റ് ചെയ്യുന്നതിനും 44x3x0.1മീറ്റർ, 33x1.850x0.1 മീറ്റർ എന്നീ അളവുകളിലുള്ള രണ്ടു റോഡുകൾ കോൺകീറ്റ് ചെയ്യുന്നതിനും ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ എം ബുക്ക് പേജ് 13, 15 എന്നിവ പ്രകാരം 39.3 മീറ്റർ നീളവും 2.3 മീറ്റർ വീതിയുമുള്ള ഒരു റോഡും 33.5 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള ഒരു റോഡുമാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ റീടെയിനിംഗ് വാൾ നിർമ്മിച്ചതിന്റെ (ഡി.ആർ മേസണറി) മുകളിൽ എസ്റ്റിമേറ്റ്

പ്രകാരമുള്ള 1:3:6 ബെൽറ്റ് നിർമ്മിച്ചിട്ടില്ല. സ്കെച്ച് & പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം 44 മീറ്റർ നീളമുള്ള റോഡിന് 3 മീറ്റർ വീതിയും, 33 മീറ്റർ നീളമുള്ള റോഡിന് 1.85 മീറ്റർ വീതിയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി ചെയ്തപ്പോൾ ടി റോഡുകളുടെ നീളത്തിലും വീതിയിലുമുള്ള അളവുകൾക്ക് മാറ്റം വരുത്തി ചെയ്തതിന്റെ ആവശ്യം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം 1.85 മീറ്റർ വീതിയുള്ള റോഡിന് 3 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ലാത്തതിനാൽ എസ്റ്റിമേറ്റിൽ നിന്നും അധികമായി രേഖപ്പെടുത്തിയിരിക്കുന്ന ചെലവു തുക താഴെപ്പറയും പ്രകാരം കണക്കാക്കുന്നു.

c.c.1;4;8-എസ്റ്റിമേറ്റുപ്രകാരം-33x1.85x0.10=6.10$m^2$

c.c.1;4;8-എം ബുക്ക്പ്രകാരം-33x3x0.10=9.9$m^2$

അധികം-3.8എം$^3$@ 6,805/എം3=25,859/-

c.c1.2.4- എസ്റ്റിമേറ്റ് പ്രകാരം--33x1.85x0.05=3.5m2

c.c.1.2.4-എം ബുക്ക്പ്രകാരം-33x3x0.05=4.95$m^3$

വ്യത്യസം-1.898

1.898x8330.37=15,811/-

ആകെ-41,670/-രൂപ

എം ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ 2,53,237.76 രൂപക്കുള്ള പ്രവൃത്തി ചെയ്ത് ഒരു ലക്ഷം രൂപ മെയിന്റനൻസ് ഫണ്ടും 1,53,238/-രൂപ തനതുഫണ്ടിൽനിന്നും നല്കിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/17-18, തീയതി 21-11-18) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 41,670/-രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ/വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-12 മുതുവനൂർ റോഡ് മെയിന്റനൻസ് - കൺവീനർ വർക്കിനുള്ള പ്രതിഫലം കൺവീനർക്ക് നല്കാതെ കരാറുകാരിയ്ക്ക് നല്കി.

പദ്ധതി നം- 152/17-18

അടങ്കൽ -2,57,250/-രൂപ

എഗ്രിമെന്റ് നം. – 76/AE/LSGD/KTR (16-17), 29-3-2017

ഫണ്ട്-മെയിൻറനൻസ് ഫണ്ട്

കൺവീനർ-റംലത്ത്

തുക/ബിൽ നം – 99,795/-, 21/17-18,13-10-17

മുതുവനൂർ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ 58 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമുള്ള റോഡിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് ശ്രീമതി.റംലത്ത് ഗുണഭോക്തൃകമ്മറ്റി കൺവീനറായി നമ്പർ-76/AE/LSGD/KTRML/16-17, 28-3-17 പ്രകാരം എഗ്രിമെന്റ് വച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 1:2:4 കോൺകീറ്റിംഗ് നടത്തി 13.23എം$^3$-ന് 7543.09 രൂപ/എം3 പ്രകാരം 99,795/- പ്രവൃത്തിമൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ റിക്കവറി കഴിഞ്ഞ് 92,809/-രൂപ ശ്രീമതി.ബീനയുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. (നം-528002010096626) ബിൽ സംബന്ധിച്ച രേഖകളിൽ കരാറുകാരൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃകമ്മിറ്റി കൺവീനർ, ചെയർമാൻ എന്നിവരുടെ സംയുക്ത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതെ ശ്രീമതി.ബീന എന്ന കരാറുകാരിയുടെ അക്കൗണ്ടിൽ തുക നൽകിയതിന്റെ കാരണം ഫയലിൽ നിന്നും വ്യക്തമായിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീമതി.റംലത്തിന്റെ എഗ്രിമെൻറ്, എം.ബുക്ക്, ബിൽ (ട്രഷറി), ബീനയുടെ പാസ് ബുക്കിന്റെ കോപ്പി എന്നിവ മാത്രം ഫയൽ ബോർഡിൽ കെട്ടിവച്ച നിലയിലാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. കരാറുകാരന്റെ ബില്ലുകൾ, ഗുണഭോക്തൃകമ്മറ്റി മിനിറ്റ്സ്, രജിസ്റ്ററുകൾ എന്നിവ ലഭ്യമല്ലാത്തതിനാൽ ടിയാൾ കമ്മറ്റി ചെയർമാൻ ആണോ എന്നതും വ്യക്തമല്ല. കൺവീനർ കരാറുകാരനെ കൊണ്ട് വർക്ക് നടത്തിയതാണോ എന്ന് ഉറപ്പാക്കാൻ മതിയായ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഗുണഭോക്തൃ കമ്മറ്റി ഏറ്റെടുത്ത വർക്ക് കരാർ വർക്കായി കണക്കാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ പ്രവൃത്തിയുമായി

ബന്ധപ്പെട്ട എല്ലാരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഫയലിന്റെ അഭാവത്തിൽ ടി വർക്കിനായി ചെലവഴിച്ച 99,795/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**എൻക്വയറി നം-14/17-18, 21-11-18**

## 3-13 ടാർ വിതരണം രേഖപ്പെടുത്തിയതിലും ടാർ വില ഈടാക്കിയതിലും അപാകത

ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ 23-3-2017 ഇൻവോയിസ് പ്രകാരം 144 ബാരൽ ടാർ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്ത വർക്കുകളിൽ ടാറിന്റെ വില ഈടാക്കിയതിൽ വ്യത്യാസം കാണുന്നു. കൂടാതെ ടാർ വിതരണം സംബന്ധിച്ച് കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം-86/16-17 കാടാംകുളം – ദുർഗാദേവിക്ഷേത്രം റോഡ്.
ബിൽ നം – 44/16-17, 31-3-17
എസ്റ്റിമേറ്റ്-3,60,000/-രൂപ
എം.ബുക്ക്-53/16-17

ടാർ രജിസ്റ്റർ പ്രകാരം-17-3-17ൽ 1645.kg ടാറും, 152k.g ഇമൽഷനും നൽകിയിട്ടുണ്ട്. 225 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള റോഡിൽ 234 എം$^2$ പെനിട്രേഷൻ മെക്കാഡം, 675 എം$^2$ ടാക്ക് കോട്ട്, ചിപ്പിംഗ് കാർപെറ്റ്, സീൽ കോട്ട് എന്നിവ ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് താഴെ വിവരിക്കും പ്രകാരം ടാർ ആവശ്യമാണ്.

ഇനം1-പെനിട്രേഷൻ മെക്കാഡം-117.5x2kg=235.2kg

3-ചിപ്പിംഗ് കാർപെററ്-675x1.46kg = 985.5kg

4-സീൽ കോട്ട്-675x0.65 =438.75kg

ആകെ=1,659.45kg

എന്നാൽ കരാറുകാരൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയിട്ടുള്ളത് 1,645kg ടാറാണ്. ഇഷ്യൂ ചെയ്ത ടാറിന്റെയും ഇമൽഷന്റെയും വിലയായി താഴെ വിവരിക്കും പ്രകാരം 66,323/-രൂപ ബില്ലിൽ നിന്നും ഈടാക്കേണ്ടതാണെങ്കിലും 65,194/-രൂപ മാത്രമാണ് കുറവ് ചെയ്തത്.

സ്റ്റോക്കിലെടുത്തിട്ടുള്ള ടാറിന്റെ വില-5631.09/156.kg

=5631.09/156=36.09

=1645x36.09=59,368.04/-

എമൽഷന്റെ വില=6,955.21/-

ആകെ-59368+6955=66,323/-രൂപ

ബില്ലിൽ പിടിച്ചത്-65,194 കുറവ്=1,129/-

ബിൽ നം-24/17-18, 1തീയതി-3-10-17- തുക-1,06,068/-

23-3-17-ഇൻവോയ്സ് പ്രകാരം ലഭിച്ച ടാർ 17-3-17-ൽ കരാറുകാരൻ കൈപ്പറ്റിയതായി കാണുന്നു. ആയതിനാൽ ടിയാന് മുൻപ് ടാർ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാകേണ്ടതുണ്ട്.

2.ടാർ അധികം നല്കിയത് – പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അശോക് കുമാർ എന്ന കരാറുകാരൻ താഴെ വിവരിക്കുന്ന പ്രവർത്തികൾക്കായി ആകെ 53 ബാരൽ ടാർ, 5 ബാരൽ ഇമൽഷൻ എന്നിവ താഴെ വിവരിക്കുന്ന പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റിയതായി കാണുന്നു.

1)പടിഞ്ഞാറ്റിൻകര യു.പി.എസ് റോഡ് റീടാറിംഗ്

ടാർ-3331 kg, ഇമൽഷൻ-323.kg

2)മുക്കാലമുക്ക്-കാരക്കാവിള റോഡ്

ടാർ-2093 kg, ഇമൽഷൻ-191 kg

3)കല്ലുവാതുക്കൽ – കിടാരിക്കുഴി റോഡ് ടാർ-2097 kg, ഇമൽഷൻ-280kg

മേൽ പവൃത്തികൾക്ക് ആകെ ആവശ്യമായ ടാർ=7521 kg

ടാർ ബാരൽ എണ്ണം-7521/156=48.21

ആകെ ആവശ്യമായ എമൽഷൻ=794

എമൽഷൻ ബാരൽ എണ്ണം-794/152=5.22

മേൽ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് യാതൊരു രേഖകളും ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആവശ്യമുള്ളതിനേക്കാൾ അധികം ടാർ നൽകിയതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും അധികം നൽകിയ ടാറിന്റെ വില ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. – 36/24.11.2018**

## 3-14 മുറിച്ചിട്ട മരം ലേലം ചെയ്തിട്ടില്ല

മുൻസിപ്പാലിറ്റിയിൽ മുറിച്ചിടുന്ന മരങ്ങൾ ലേലം ചെയ്യാതെ നശിക്കുന്നു.

1)കൊട്ടാരക്കര ഗവ.ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിലെ അതിർത്തിയിൽ അർബൻ ബാങ്കിന്റെ മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന മരം മുറിച്ചു മാറ്റുന്നതിന് 1-11-2017 തീയതിയിലെ എസ്.എ 3-2495/17-ാം നമ്പർ കത്തായി കൊല്ലം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി അനുമതി നൽകിയിരുന്നു. ടി മരത്തിന്റെ അളവും തുകയും ഉൾപ്പെടെ ആകെ വിലയായി 9,887/- രൂപ നിർണ്ണയിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ ടി മരവും ടൗൺ യു.പി.എസ്സിന്റെ മുന്നിൽ നിന്നും മുറിച്ച രണ്ട് ചെറിയ വട്ട മരങ്ങളും പരസ്യലേലം ചെയ്യുന്നതിനായി ലേലനോട്ടീസ് തയ്യാറാക്കി ലേലപരസ്യം നൽകുന്നതിനായി ഫയൽ H1 സെക്ഷനിലേക്ക് അയക്കാവുന്നതാണെന്നത് 6-2-18 തീയതിയിൽ സൂപ്രണ്ട് അംഗീകരിച്ച് സെക്ഷനിലേക്ക് അയച്ചുവെങ്കിലും നാളിതുവരെ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്ഷനിൽ പദ്ധതിയുമായി ബന്ധപ്പെട്ട ജോലിഭാരം കൂടുതൽ ആയതിനാൽ ഫയൽ നിർദ്ദേശം ശ്രദ്ധിക്കാൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ ടി മരം മുറിക്കുന്നതിനായി ചെലവഴിച്ച 11,000/- (40948/24-1-2018) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട സെക്ഷനിൽനിന്ന് വിശദീകരണം വാങ്ങുകയും ലേലപരസ്യം നൽകി തടിലേലം ചെയ്യേണ്ടതും ആയതിന് മേൽനഷ്ടം ഉണ്ടാകുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട സെക്ഷനിൽനിന്നും ഈടാക്കുകയും ചെയ്യേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-1/12.11.18**

2)7-2-2017 തീയതിയിലെ 12-ാം നമ്പർ തീരുമാനപ്രകാരം പുലമൺ തോടിന് കുറുകെ മറിഞ്ഞു വീണ കിടന്ന പുളിമരം മുറിച്ചതിന്റെ കൂലിയായി 4,000/-രൂപ ചെക്ക് നമ്പർ 40947/24-1-2018 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തടി നാളിതുവരെ ലേലം ചെയ്തിട്ടില്ല. ആയത് ലേലം ചെയ്തതിന്റെ വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തടിയുടെ വാല്യുവേഷൻ ഹാജരാക്കി ആയത് ലേലം ചെയ്ത് തുക മുൻസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ ഒടുക്കു വരുത്തിയ വിവരം ഹാജരാക്കി തടസ്സംഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ- 35/24-11-18**

3) ഫയൽ നമ്പർ H1 7396/17/15-6-17 ഗവൺമെന്റ് വെൽഫെയർ യു.പി.എസ്. അമ്പലപ്പുറത്തെ മരം മുറിച്ചു മാറ്റിയെങ്കിലും ആയത് നാളിതുവരെ ലേലം ചെയ്തിട്ടില്ല. 10-8-2017 തീയതിയിലെ എസ്.എ3-1224/17 നമ്പർ കത്തായി ആയതിന്റെ മതിപ്പു വില 13,024/-രൂപയായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിശ് ചയിച്ചിട്ടുണ്ട്. എന്നാൽ ആയത് നാളിതുവരെ ലേലം ചെയ്യാത്തതിന്റെ കാരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/21-11-18ന് മറുപടിയായി ആരും ലേലത്തിൽ പങ്കെടുത്തില്ല എന്നും തുടർനടപടിക്കായി കൗൺസിൽ തീരുമാനത്തിനായി ഫയൽ സമർപ്പിച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഈ മരം മുറിക്കുന്നതിനായി ചെലവായ 4,900/- രൂപ (ചെക്ക് നമ്പർ 38857/21-8-2017) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നമ്പർ- 18/21-11-18**

**തടസ്സപ്പെടുത്തിയ തുക -19,900/-രൂപ**

# 3-15 സ്വകാര്യവ്യക്തിയുടെ പറമ്പിലെ മരം മുറിച്ചതിന് കൂലി നൽകിയത് തിരികെ ഈടാക്കിയില്ല

സ്വകാര്യവ്യക്തിയുടെ പറമ്പിലെ മരം മുറിച്ചതിന് മുൻസിപ്പാലിറ്റിയിൽ നിന്ന് കൂലി നൽകിയത് തിരികെ ഈടാക്കിയില്ല

ഫയൽ നമ്പർ H1 -8750/17

കൊട്ടാരക്കര നഗരസഭ 17-ാം ഡിവിഷനിൽ സി.പി.കുന്ന് ലക്ഷം വീട് കോളനിയിൽ സ്വകാര്യവ്യക്തിയുടെ പറമ്പിൽ അപകടകരമായ നിലയിൽ നിന്ന തെങ്ങു മുറിച്ചു മാറ്റിയ വകയിൽ ചെലവായ 3,500/-രൂപ 28-7-17 തീയതിയിലെ

38293 -ാം നമ്പർ ചെക്ക് പ്രകാരം നൽകി. കേരളാ മുൻസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റാൻ ഉടമസ്ഥന് നോട്ടീസ് നൽകുകയും ആയതിന് തയ്യാറായില്ലായെങ്കിൽ അടിയന്തിരസാഹചര്യത്തിൽ മുൻസിപ്പാലിറ്റിക്ക് ആയത് മുറിച്ചുമാറ്റുകയും ആയതിന് ചെലവാകുന്ന തുക ഉടമസ്ഥനിൽനിന്ന് ഈടാക്കുകയും ചെയ്യാവുന്നതാണ്.

എന്നാൽ പ്രസ്തുത വിഷയത്തിൽ ചെലവായ തുക ബന്ധപ്പെട്ട കക്ഷിയിൽനിന്നും തിരികെ ഈടാക്കാഞ്ഞതിനു കാരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവായ 3,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-18/21-11-18**

## 3-16 ഇ-ടെൻഡർ നടപടി ക്രമങ്ങൾ ഒഴിവാക്കാനായി പദ്ധതിയെ വിഭജിച്ചു- ഒരേ പോലുള്ള രണ്ട് പദ്ധതികളിലെ വാങ്ങൽ മാനദണ്ഡങ്ങൾ വ്യത്യസ്തം.

പദ്ധതി-1) എസ്.0102/18- സ്ട്രീറ്റ് ലൈറ്റ് മെയിൻറനൻസ് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽത്തുക-4,90,000/-രൂപ (വികസനഫണ്ട്)

ചെലവ്- 4,89,605/-രൂപ (ബിൽ നം.29/17-18, 24.1.2018 )

2)എസ്.0255/18-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസും ലീഫ് ലാമ്പ് സ്ഥാപിക്കലും

അടങ്കൽത്തുക-4,90,000/-രൂപ (വികസനഫണ്ട്)

ചെലവ്-89,820/-രൂപ (ബിൽ നം67/17-18, 27.3.18)
3,99,000/-രൂപ ( ബിൽ നം.68/17-18, 27.3.18)
ഓഡിറ്റ് എൻക്വയറി നം.25/22.11.18, 27/23.11.2018,
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

മേൽ പരാമർശിച്ചവയിലെ ആദ്യ പദ്ധതിയായ എസ്.0102/18 - സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് ഉപകരണങ്ങൾ വാങ്ങൽ എന്നതിന്റെ മൊത്തം അടങ്കൽത്തുക 10,00,000/-രൂപയായിരുന്നുവെങ്കിലും പിന്നീട് 4,90,000/-രൂപ വീതം മൊത്തം അടങ്കലുള്ള രണ്ട് പ്രോജക്ടായി വിഭജിക്കുകയായിരുന്നു. ഇപ്രകാരം ഇ-ടെൻഡർ

നടപടിക്രമങ്ങൾ ഒഴിവാക്കി പദ്ധതി നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുകയായിരുന്നു.

എസ്.0102/18- സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ (ടെൻഡർ നോട്ടീസ് തീയതി-9/17 ) ടെൻഡർ സമർപ്പിച്ചവയിൽ കുറഞ്ഞ നിരക്ക് ക്വോട്ട്ചെയ്ത വിജയ് ഏജൻസീസ്, തൊട്ടടുത്ത നിരക്ക് ക്വോട്ട് ചെയ്ത നെരിയാ ടെക്നോളജീസ് എന്നിവയുമായി നെഗോഷ്യേറ്റ് ചെയ്യുകയും അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത നെരിയാ ടെക്നോളജീസിനെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം (5.12.17) പ്രകാരം തെരഞ്ഞെടുക്കുകയും ചെയ്തു.

രണ്ടാമത്തെ പദ്ധതിയായ എസ്.0255/18-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസും ലീഫ്ലാമ്പ് സ്ഥാപിക്കലും എന്നതിൽ ടെൻഡർ നിരക്കിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് നെരിയ ടെക്നോളജീസ് ആയിരുന്നെങ്കിലും പ്രശസ്ത കമ്പനിയായ ക്രോംപ്റ്റണിൻെറ ഉപകരണങ്ങൾ ക്വാട്ട് ചെയ്തത് കൊച്ചുമേലതിൽ ഏജൻസീസ് ആയതിനാലും ക്രോംപ്റ്റൺ കമ്പനിയുടെ ഉപകരണങ്ങൾ വാങ്ങുന്നതാണ് ഉചിതമെന്ന് പ്രൊക്യൂർമെൻറ് കമ്മിറ്റി വിലയിരുത്തിയതിനാലും 12.1.18 ലെ 22-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം കൊച്ചുമേലതിൽ ഏജൻസീസുമായി മാത്രം നെഗോഷ്യേറ്റ് ചെയ്ത് കരാറിലേർപ്പെട്ട് സാധനങ്ങൾ സപ്ലൈ ചെയ്തു. എന്നാൽ എസ്.0102/18 - സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വിജയ് ഏജൻസീസും ക്രോംപ്റ്റൺ കമ്പനിയുടെ ഉപകരണങ്ങളുടെ നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത്. രണ്ട് പദ്ധതിയിലും നെരിയ ടെക്നോളജീസ് ക്വോട്ട് ചെയ്തത് ലൂക്കർ എന്ന കമ്പനിയുടെ ഉപകരണങ്ങളുടെ നിരക്കായിരുന്നു. ഒരേ ഉല്പന്നങ്ങൾ വാങ്ങുന്ന രണ്ട് പദ്ധതികളിൽ വാങ്ങലിന് രണ്ട് മാനദണ്ഡം പാലിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയില്ല. വാങ്ങിയ ഉല്പന്നങ്ങളുടെ ഗുണമേൻമ സാങ്കേതിക വിദഗ്ധർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവ് വിളക്കുകളുടെ മെയിന്റെനൻസ് സംബന്ധിച്ച മാർഗ്ഗരേഖ (15.9.111 ലെ 3055/ഡി.എ-3/2011, l.s.g.d) നിർദ്ദേശങ്ങൾ പ്രകാരം പരിപാലിക്കേണ്ട രജിസ്റ്ററുകളും രേഖകളും പരിപാലിച്ചിട്ടില്ല.

1. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം KSEB അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്തമായി പരിശോധന നടത്തി പോസ്റ്റ് നമ്പർ സഹിതം

രേഖപ്പെടുത്തിയ രജിസ്റ്റർ

2.പരാതി രജിസ്റ്റർ

3.സ്റ്റോക്ക് രജിസ്റ്റർ

4.അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ

5.രണ്ടു പദ്ധതികളിലും ബൾബുകളും, ട്യൂബ് ലൈറ്റുകളും ലീഫ് ലാമ്പുകളും സ്ഥാപിച്ചതായുള്ള KSEB യുടേയും വാർഡ് കൗൺസിലർമാരുടെയും സാക്ഷ്യപത്രം എന്നിവയും പരിശോധനക്കു ഹാജരാക്കിയില്ല.

മേൽ പരാമർശിച്ച കാരണങ്ങളാൽ 9,78,425/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.33/23.11.18**

**ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക.-9,78,425/-രൂപ**

## 3-17 ടി.എ.അധികമായി നൽകി

നഗരസഭയിലെ സീനിയർക്ലർക്കിന് അർഹമായ പരിധിയിൽ കൂടുതൽ യാത്രാബത്ത നൽകി. സീനിയർ ക്ലർക്കായ ശ്രീ.കൃഷ്ണൻകുട്ടിയുടെ ബാംഗ്ലൂർയാത്രയ്ക്ക് വേണ്ടി (സർവ്വീസ് ടാക്സ് സംബന്ധിച്ച കേസ്ഫയൽ ചെയ്യാൻ പോയ യാത്ര) നൽകിയ മുൻകൂർ യാത്രബത്ത 10,000/-രൂപ (ചെക്ക് നം. 39362/3.10.17) ക്രമീകരിച്ചപ്പോൾ ശ്രീ.കൃഷ്ണൻകുട്ടി ബാംഗ്ലൂർ മുതൽ കൊച്ചി വരെ വിമാനത്തിൽ സഞ്ചരിച്ചതിന്റെ കൂലിയാണ് ക്ലെയിം ചെയ്തത്. എന്നാൽ ആയതിന് മുൻകൂർ അനുമതി തേടിയിട്ടില്ല. വിശദീകരണം ആരാഞ്ഞു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/21-11-18) മറുപടിയായി അത്യാവശ്യമായി സെക്ഷനിൽ ജോലി ഉണ്ടായതുകൊണ്ടാണ് വിമാനത്തിൽ വന്നത് എന്ന മറുപടി അംഗീകരിക്കുന്നില്ല. അർഹമായ യാത്രാബത്ത നൽകി ബാക്കി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 10,000/-രൂപ തല്ക്കാലം തടസ്സപ്പെടുത്തുന്നു.

## 3-18 സാക്ഷരത തുല്യത - ചെലവ് രേഖകൾ ലഭ്യമല്ല.

പദ്ധതി- എസ്.0104/18-സാക്ഷരത തുല്യത-പരീക്ഷാഫീസ് ഒടുക്കുന്നത് സംബന്ധിച്ച്

അടങ്കൽ - 25,000 (വികസന ഫണ്ട്-20,000/-രൂപ, തനതു ഫണ്ട്-5,000/-രൂപ)

ചെലവ്- ബിൽ നം.49/17-18, 15,750/-രൂപ, 17.2.18

ബിൽ നം.50/17-18, 4,250/-രൂപ, 17.2.18
തനതു ഫണ്ട് -ചെലവ് രേഖകൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പത്താം തരം തുല്യതയ്ക്ക് 5 പഠിതാക്കൾക്ക് 1,850 രൂപ വീതം 9,250/-രൂപയും (4,250/-രൂപ(വികസന ഫണ്ട്)+ 5000/-രൂപ (തനതു ഫണ്ട്) )

പ്ലസ് ടു തുല്യതയ്ക്ക് 7 പഠിതാക്കൾക്ക് 2,250/-രൂപ വീതം 15,750/-രൂപയുമാണ് സാക്ഷരതാ മിഷനിലേക്ക് ഒടുക്കേണ്ടിയിരുന്നത്. എന്നാൽ തനതുഫണ്ട് ചെലവഴിച്ചതിൻെറ യാതൊരു രേഖയും ലഭ്യമാക്കിയില്ല. 5,000രൂപ ഉൾപ്പെടെ ആകെ 25,000/-രൂപ കൈപ്പറ്റിയതായി സാക്ഷരതാമിഷൻെറ രസീത് മാത്രമാണ് ഫയലിലുള്ളത്. കൂടാതെ പഠിതാക്കളുടെ ഹാജർ സംബന്ധിച്ച രേഖകൾ, പഠന സഹായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൻെറ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.-12/19.11.2018**

## 3-19 എസ്.എസ്.എ വിഹിതം- ശരിയായ മോണിറ്ററിംഗ് ഇല്ല

പദ്ധതി- എസ്.0008/18- എസ്.എസ്.എ വിഹിതം

അടങ്കൽ തുക- 18,00,000/-രൂപ (വികസന ഫണ്ട്)

ചെലവ്- ബിൽ നം.7/17-18, 22/7/17, 18,00,000/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

എസ്.എസ്.എ ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് 18,00,000/-രൂപ 2017-18 വർഷത്തേക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം കൊട്ടാരക്കര നഗരസഭയുടെ പരിധിയിൽ 10 സ്കൂളുകളാണ് ഉള്ളത്. വിനിയോഗ

സാക്ഷ്യപത്രം പ്രകാരം മൈനോറിറ്റി വിദ്യഭ്യാസം, നഗരപ്രദേശങ്ങളിലെ പിന്നോക്കക്കാർക്കുള്ള പ്രത്യേക വിദ്യാഭ്യാസം, സാമൂഹിക പങ്കാളിത്തം എന്നിവയ്ക്കായി തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ മേൽ പറഞ്ഞവയ്ക്കായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി വിശകലനം ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കൂടാതെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എസ്.എസ്.എ തുക ചെലവഴിച്ചില്ല. എന്നാൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ഇവയൊന്നും മോണിറ്റർ ചെയ്തതായി കാണുന്നില്ല. തുടർ വർഷങ്ങളിൽ ശരിയായ നിരീക്ഷണം ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 11/17-18, 19.11.18**

# 3-20 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - അവലോകനം.

പദ്ധതി- കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെമ്പർ സെക്രട്ടറി, കുടുംബശ്രീ

2017-18 വർഷം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്റുടെ 3.6.17 ലെ 12166/F/2016/KSHO നമ്പർ നടപടിക്രമം പ്രകാരം 100 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 1,00,000/-രൂപ വീതം 1,00,00,000/- രൂപയും 3 എ.ഡി.എസുകൾക്ക് 50,000/-രൂപ വീതം 1,50,000/-രൂപയും ഉൾപ്പെടെ ആകെ 1,15,00,000/-രൂപ നഗരസഭായുടെ യൂക്കോ ബാങ്ക് അക്കൗണ്ടിലേക്ക് ലഭിക്കുകയും തുടർന്ന് സി.ഡി.എസ് ചെയർ പേഴ്സന്റെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. ദേശീയ നഗര ഉപജീവനമിഷൻെറ (N.U.L.M) ഭാഗമായി സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളുടെ ശാക്തീകരണത്തിനായാണ് റിവോൾവിംഗ് ഫണ്ടായി ഈ തുക കൈമാറിയത്. ദാരിദ്ര്യലഘൂകരണത്തിൻെറ ഭാഗമായി അയൽക്കൂട്ടങ്ങളുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലൂടെ അയൽക്കൂട്ടങ്ങളുടെ ആന്തരിക വായ്പ/ ലിങ്കേജ് വായ്പാ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഈ തുക കോർപ്പസ് ഫണ്ടായി ഉപയോഗിക്കുന്നതിനുമാണ് N.U.L.M മാർഗ്ഗനിർദ്ദേശം.

നഗരസഭയിലെ 53 കുടുംബശ്രീ യൂണിറ്റുകൾക്കാണ് തൻവർഷം തുക നൽകിയത്. ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. N.U.L.M മാനദണ്ഡങ്ങൾ പ്രകാരം ഫണ്ട് ലഭ്യമായ കുടുംബശ്രീ യൂണിറ്റുകൾ അനുവദനീയമായ പ്രവർത്തനങ്ങൾക്കാണോ പ്രസ്തുത തുക ഉപയോഗിച്ചതെന്ന സി.ഡി.എസ് ചെയർപേഴ്സന്റെ റിപ്പോർട്ട് ലഭിച്ചില്ല.

2.സഹായധനം ലഭിച്ച 53 കുടുംബശ്രീ ഗ്രൂപ്പുകളിൽ 90% ത്തിന്റെയും കുടുംബശ്രീ അക്കൗണ്ടിംഗ് & ഓഡിറ്റ് സർവ്വീസ് സൊസൈറ്റിയുടെ റിപ്പോർട്ടുകളിൽ വായ്പാ രജിസ്റ്റർ, മിനിട്സ്, അംഗത്വ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതുന്നില്ല, അംഗ പാസ്സ് ബുക്കും തുകയും തമ്മിൽ അന്തരമുണ്ട്, അംഗങ്ങളുടെ പാസ്സ് ബുക്കിൽ വായ്പാ തിരിച്ചടവും നീക്കിയിരിപ്പും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നത് ഗുരുതര പിഴവാണ്. N.U.L.M മാനദണ്ഡങ്ങൾ പ്രകാരം മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്കാണ് റിവോൾവിംഗ് ഫണ്ട് നൽകേണ്ടത്. അതിനാൽ തന്നെ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് ഓഡിറ്റ് റിപ്പോർട്ട് ആവശ്യമില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല, വിശേഷിച്ചും, Audit is an assurance to the stake holders എന്ന നിർവചനം പ്രസക്തമാകുമ്പോൾ. അതിനാൽ വരും വർഷങ്ങളിൽ കുടുംബശ്രീഗ്രൂപ്പുകൾക്ക് ഈ പദ്ധതി പ്രകാരം തുക കൈമാറുമ്പോൾ യോഗ്യതാ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തി മാത്രം കുടുംബശ്രീ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കേണ്ടതാണ്. ദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നോയെന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാകുന്നു.

**ഓഡിറ്റ് എൻക്വയറി നം. 6/ 19.11.18**

## 3-21 പുറമ്പോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

1994 ലെ കേരള മുനിസിപ്പലിറ്റി ആക്ട് സെക്ഷൻ 376 (1), (3), 565(1) എന്നിവ പ്രകാരം മുനിസിപ്പാലിറ്റിയ്ക്ക് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും മുനിസിപ്പാലിറ്റിയുടെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും മുനിസിപ്പാലിറ്റി നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. മുനിസിപ്പൽ കൗൺസിലിന്റെ 2017-18 വർഷത്തെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ 14.07.17 കൂടിയ കൗൺസിൽ (5-ാംനം.) ഇനി പറയുന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

"കിഴക്കേ വാർഡിൽ റീ സർവ്വെ നം.237/10-ൽപ്പെട്ടതും കിഴക്കേക്കര മഹിളാസമാജം എന്ന് പേരിൽ കയ്യേറിയതിനെ തുടർന്ന് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് കൊട്ടാരക്കര സബ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കേസിൽ നഗരസഭയ്ക്ക് അനുകൂലമായി വിധി ഉണ്ടായി.ഈ വസ്തു പോക്ക് വരവ് ചെയ്ത് നൽകുന്നതിന് കൊട്ടാരക്കര തഹസീൽദാർക്കും വില്ലേജ് ഓഫീസർക്കും അടിയന്തിരമായി കത്ത് നൽകുന്നതിനും ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു."

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൊട്ടാരക്കര മുൻസീഫ് കോടതിയിൽ നഗരസഭയെ ഉൾപ്പെടുത്താതെ എതിർ കക്ഷികൾ കേസ് ഫയൽ ചെയ്തതിനാൽ ആയതിന്റെ തീർപ്പിനു വിധേയമായി അതിരുകൾ കല്ലിട്ട് തിരിച്ച് മതിൽ നിർമ്മാണത്തിനുശേഷം വസ്തു ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്ന് ചുമതലപ്പെട്ടവർ അറിയിച്ചു.

ടി കേസുമായി ബന്ധപ്പെട്ട് നിയമനടപടികൾ കൃത്യമായി സ്വീകരിച്ച് വസ്തു സംരക്ഷിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുക്കളുടെ കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ നഗരസഭ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, സ്ഥലങ്ങളുടെ കൈമാറ്റം എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച് വില്ലേജ് അധികാരികളിൽ നിന്നും രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.19/21.11.2018**

## 3-22 മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നെടുമൺകാവ് നടത്തിയ ചെലവുകൾ

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നെടുമൺകാവ്

തടസ്സപ്പെടുത്തുന്ന തുക -2,887/-രൂപ (1000 + 1887)

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നെടുമൺകാവ് നടപ്പിലാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു

പ്രോജക്ട് നം.242/18-സാന്ത്വന പരിചരണ പദ്ധതി

1) ബിൽ നം.1/17-18 തീ.20.09.2017 -തുക 54,491/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് -ഡോ.ജ്യോതിലാൽ.എസ്.

1.വൗച്ചർ നം.246/16-17 – ഭക്ഷണ ചെലവിലേയ്ക്ക് ഹോട്ടൽ ത്രിവേണിയ്ക്ക് 1,000/-രൂപ

അനുവദിച്ചു. ചെലവ് പത്രികയിൽ തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വൗച്ചർ, ബിൽ എന്നിവ ഇല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

2.വൗച്ചർ നം.251/16-17 – ഹോട്ടൽ സംസം കൂൾ ഹട്ട് എന്ന സ്ഥാപനത്തിന് 25.08.2016 -ന് കുടുംബ സംഗമത്തിൽ പങ്കെടുത്ത 100 പേർക്ക് ഭക്ഷണം നൽകുന്നതിന് 10,400/-രൂപ നൽകി. കുടുംബസംഗമം നടത്തുന്നതിന് ഭക്ഷണ ചെലവിലേയ്ക്ക് ഒരാൾക്ക് പരമാവധി 60/-രൂപ മാത്രമാണ് ചെലവഴിയ്ക്കുവാൻ അനുവാദമുള്ളത്. (സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 3217/29.10.2015). അതിനാൽ അനുവദനീയമായ 6,000/-രൂപ കഴിച്ച് 4,400/-രൂപയുടെ ചെലവ് ക്രമപ്രകാരമല്ല.

3.വൗച്ചർ നം.253/16-17-1,887/-രൂപ–K.M.S.C.L-ൽ നിന്നും ബി.പി.അപ്പാരറ്റസ്, സ്റ്റെതസ്ക്കോപ്പ് എന്നിവ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയിസ് prf 4194/24.03.17 പ്രകാരം 1,887/-രൂപ മാറി. ബന്ധപ്പെട്ട ഇൻവോയിസ്, തുക സ്ഥാപനം കൈപ്പറ്റിയ രസീത്, ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

<u>മറ്റ് അപാകതകൾ</u>

**1.വൗച്ചർ നം.1/17-18 മുതൽ 32/17-18 വരെയുള്ളവ നിർവ്വഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (പ്രോജക്ട്നം.69/17-18, ബിൽ നം.7/16.1.18 -87,300/-രൂപ)**
**2.ഭക്ഷണത്തിന് തുക അനുവദിക്കുന്ന വൗച്ചറുകളിൽ ഹോട്ടൽ ബില്ലുകൾ ഉൾപ്പെടുത്തുന്നില്ല.**
**3.പാലിയേറ്റീവ് നേഴ്സ് സൂക്ഷിക്കുന്ന ഹോംകെയർ രജിസ്റ്റർ അനുബന്ധം.3 (സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 3217/29.10.2015 ) പ്രകാരമുള്ളതല്ല.**
**4.പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എല്ലാമാസവും യോഗം കൂടുന്നില്ല.**
**5.പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 2017-2018 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമാണ് യോഗം കൂടിയത്.**

**മേൽ അപാകതകൾക്ക് മറുപടി തേടി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ക്രമ നം. 1,3 പ്രകാരം തടസ്സപ്പെടുത്തിയ 2,887/- (1,000+1,887) രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതും ക്രമ നം. 2-ലെ ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതുമാണ്.**

**ഓഡിറ്റ് എൻക്വയറി -8 /19.11.2018**

## 3-23 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

നഗരസഭയുടെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ

നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

നഗരസഭയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കാത്തതിനാൽ നഗരസഭാ ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-24 മെഡിക്കൽ ഓഫീസർ -ആയുർവേദം-12,238/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല

ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ :113/17-18)

ബിൽ നം.2/17-18 തീ.14.11.2017

നിർവ്വഹണ ഉദ്യോഗസ്ഥ –മെഡിക്കൽ ഓഫീസർ(ആയുർവേദം)

മെഡിക്കൽ ഓഫീസർ ആയുർവേദം, നിർവഹണ ഉദ്യോഗസ്ഥയായി 2017-2018 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഫണ്ട്(റോഡിതരം) ഇനത്തിൽ 2,00,000/-രൂപയും പൊതുവിഭാഗം ഫണ്ട് ഇനത്തിൽ 2,00,000/-രൂപയും ഉൾപ്പെടെ ആകെ 4,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 4,00,000/-രൂപ (ഇൻവോയിസ് നം.90061628/31.03.18, രസീത് നം.3483/29.12.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 12,238/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും രേഖ ഹാജരാക്കേണ്ടതുമാണ്.

# 3-25 K.M.S.C.L-ൽ നിന്നും 1,75,000/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

താലൂക്ക് ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റിൽ മരുന്നിനായി K.M.S.C.L–യിൽ അടവാക്കിയ 1,75,000/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | K.M.S.C.Lന് നൽകിയ തുക(രൂപ) | ബില്ല് നം/ തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|---|
| 1. | 81/17-18 | 1,75,000/- | 2/16.03.18 | പി.ആർ.എഫ്/1581/24.10.17 | - | 1,75,000 |
| | | | | | ആകെ | 1,75,000 |

1,75,000/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 അസിസ്റ്റന്റ് എഞ്ചീനീയറുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക ബാക്കി നിൽക്കുന്നു.

വിവിധ ആവശ്യങ്ങൾക്കായി സർക്കാർ നിർദ്ദേശപ്രകാരം നിർവഹണഉദ്യോഗസ്ഥരുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ നിലവിൽ പ്രവർത്തനരഹിതമാണ്. എന്നിരുന്നാലും പ്രസ്തുത അക്കൗണ്ടിൽ വൻതുക ബാക്കി നിൽക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്. ബി.ഐയിൽ ഉള്ള 67110564828 നമ്പർ അക്കൗണ്ടിൽ 1-8-2017 തീയതിയിൽ 9,00,499/- രൂപ ബാക്കി നിൽക്കുന്നുണ്ട്. ആയതിന്റെ ക്രയവിക്രയങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആയതിന്റെ ഒപ്പം യൂണിയൻ ബാങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഉള്ള 210-91085 എന്ന അക്കൗണ്ടിന്റെ 2010 വരെയുള്ള പാസ്സ് ബുക്ക് വിവരങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-35/24.11.18**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി

നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 170402247000/ 301293672 തീയതി25/03/18 | 1,59,236 | - | 1,59,236 |
| കേരള വാട്ടർ അതോറിറ്റി | അവന്നൂർ കുടിവെള്ള പദ്ധതി | 1704024700160/ 1246358, തീയതി 22/03/18 | 10,00,000 | - | 10,00,000 |
| കേരള വാട്ടർ അതോറിറ്റി | മാടൻകാവ് കുടിവെള്ള പദ്ധതി | 1704024700160/ 0961986, തീയതി 30.01.18 | 9,36,000 | - | 9,36,000 |
| കേരള വാട്ടർ അതോറിറ്റി | കല്ലവാതുക്കൽ കുടിവെള്ള പദ്ധതി | 1704024700160096/ 1987, തീയതി 30/01/18 | 10,00,000 | - | 10,00,000 |
| കേരള വാട്ടർ അതോറിറ്റി | ചെന്തറ ഗണപതിക്ഷേത്രം കുടിവെള്ള പദ്ധതി | 1704020000000/ 13779, തീയതി 27/03/18 | 3,26,000 | - | 3,26,000 |
| ഗൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻകുടിവെള്ള പദ്ധതി | 17040247001600952 തീയതി 29/01/18 | 77,750 | 1,50,000 | 0 |
| | | 17040247001601214118 തീയതി 19/03/18 | 72,250 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,00,000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 3-3(3) | 1,00,000 | വീണ.റ്റി | 11720116690/22.3.2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-1 | 2014-15 | 6-4 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ ക്രമക്കേട് | നോട്ടീസ് വി.ഇ.ഒയ്ക്ക് നൽകിയിട്ടുള്ളതാണ് |
| 2013-14 | 3-2,3-3 | 2014-15 | 6-4 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ ക്രമക്കേട് | നോട്ടീസ് വി.ഇ.ഒയ്ക്ക് നൽകിയിട്ടുള്ളതാണ് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല.

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,88,27,818 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,61,70,623 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6,60,857 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,35,903 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 49,61,652 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 14,288 | | ശ്രീ.ഡി.വി.സനൽകുമാർ, സെക്രട്ടറി |
| 2-2 | 2,73,842 | | ശ്രീ.ഡി.വി.സനൽകുമാർ, സെക്രട്ടറി |
| 2-3 | 3,62,782 | | ശ്രീ.ഡി.വി.സനൽകുമാർ, സെക്രട്ടറി |
| 2-4 | 9,945 | | ശ്രീ.ഡി.വി.സനൽകുമാർ സെക്രട്ടറി |
| 3-6 | | 12,970 | ശ്രീമതി.കെ.വത്സലാമ്മ എച്ച്.എം |
| 3-10 | | 1,09,716.50 | ശ്രീമതി.അഞ്ജലികൃഷ്ണൻ അക്രെഡിറ്റഡ് ഓവർസിയർ |
| | | 1,09,716.50 | ശ്രീ.വിജയൻപിള്ള അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 3500 | ശ്രീ.ഡി.വി.സനൽകുമാർ സെക്രട്ടറി |
| **ആകെ** | | **235903** | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 20,700 | ശ്രീ.റോഷൻ ജോർജ്ജ് കൃഷി ഓഫീസർ |
| 3-4-I | 1,46,688 | ശ്രീമതി. കെ വത്സലാമ്മ എച്ച് .എം |
| 3-4-II | 73,344 | |
| 3-4-IV | 24,448 | |

| | | |
|---|---|---|
| 3-5 | 34,63,795 | ശ്രീ.വിജയൻപിള്ള<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 80,000 | ശ്രീ.സുജി.എസ്<br>ജെ.എച്ച്.ഐ ഗ്രേഡ്-II |
| 3-11 | 41,670 | ശ്രീ.ജയഭദ്രൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 99,795 | ശ്രീ.ജയഭദ്രൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 19,900 | ശ്രീ.ഡി.വി സനൽകുമാർ<br>സെക്രട്ടറി |
| 3-16 | 9,78,425 | ശ്രീ.ഡി.വി സനൽകുമാർ<br>സെക്രട്ടറി |
| 3-17 | 10,000 | ശ്രീ.ഡി.വി.സനൽകുമാർ<br>സെക്രട്ടറി |
| 3-22 | 2,887 | ഡോ.ജ്യോതിലാൽ.എസ്.<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി |
| **ആകെ** | **49,61,652** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ)** | **സ്ഥിരംമേൽവിലാസം** |
|---|---|---|
| | | |

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ഡി.വി സനൽകുമാർ<br>സെക്രട്ടറി | സെക്രട്ടറി,<br>കൊട്ടാരക്കര<br>നഗരസഭ | അനുഗ്രഹ, വലിയവിളപ്പുറം,<br>ഒറ്റതന്തേടരമംഗലം പി.ഒ<br>തിരൂർ 695125 |
| ശ്രീ.റോഷൻ ജോർജ്ജ്<br>കൃഷി ഓഫീസർ | ലഭ്യമല്ല. | തച്ചിരേടത്ത്,<br>കിഴക്കേത്തെരുവ്<br>കൊട്ടാരക്കര |
| ശ്രീമതി.കെ.വത്സലാമ്മ<br>എച്ച്.എം | ലഭ്യമല്ല. | ഗോകുലം<br>പ്രശാന്തി നഗർ,<br>കിഴക്കേക്കര<br>കൊട്ടാരക്കര |
| ഡോ.ജ്യോതിലാൽ.എസ്സ്<br>മെഡിക്കൽ ഓഫീസർ,<br>സി എച്ച്.സി | ലഭ്യമല്ല. | ഇളംപ്ലാവിൽ<br>കരിങ്ങന്നൂർ.പി.ഒ<br>കൊല്ലം 69156 |
| ശ്രീ.വിജയൻപിള്ള<br>അസിസ്റ്റന്റ് എഞ്ചിനീയർ | പറക്കോട്<br>ബ്ലോക്ക്<br>പഞ്ചായത്ത് | പനവിള വീട്<br>മുഖത്തല.പി.ഒ<br>കൊല്ലം |
| ശ്രീമതി. അഞ്ജലികൃഷ്ണൻ<br>അക്രഡിറ്റഡ് ഓവർസിയർ<br>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | അക്രഡിറ്റഡ് ഓവർസിയർ<br>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | വിനീഷ് ഭവൻ<br>ഇ.റ്റി.സി (പി.ഒ)<br>കൊട്ടാരക്കര |
| ശ്രീ.ജയഭദ്രൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | വെട്ടിക്കവല<br>ബ്ലോക്ക് | അമ്പാടി,<br>നേതാജിജംഗ്ഷൻ,<br>ഏഴുകോൺ |
| ശ്രീ.സുജി.എസ്<br>ജെ.എച്ച്.ഐ ഗ്രേഡ്-II | ലഭ്യമല്ല. | ദേവലക്ഷ്മി, ഗാർഡൻ വില്ല,<br>പനയം.പി.ഒ, പെരിനാട്,<br>കൊല്ലം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.ക്യൂ.പി.3/1194(4)/14<br>തീയതി - 12.06.14 | 18 |
| 1995-96 | എൽ.എഫ്.ക്യൂ.പി.3/1194(5)/14<br>തീയതി - 12.06.14 | 18 |
| 1997-98 | എൽ.എഫ്.ക്യൂ.പി.3/1194(6)/14<br>തീയതി -12.06.14 | 39 |
| 1998-99 | എൽ.എഫ്.ക്യൂ.പി.3/1194(7)/14<br>തീയതി - 12.06.14 | 12 |
| 1999-00 | എൽ.എഫ്.ക്യൂ.പി.3/1194(8)/14<br>തീയതി - 12.06.14 | 10 |
| 2000-01 | എൽ.എഫ്.ക്യൂ.പി.3/1194(9)/14<br>തീയതി - 12.06.14 | 4 |
| 2001-02 | എൽ.എഫ്.ക്യൂ.പി.3/1194(10)/14<br>തീയതി - 12.06.14 | 10 |
| 2002-03 | എൽ.എഫ്.ക്യൂ.പി.3/1194(11)/14<br>തീയതി - 12.06.14 | 8 |
| 2003-04 | എൽ.എഫ്.ക്യൂ.പി.3/1194(12)/14<br>തീയതി - 12.06.14 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി.3/1194(13)/14<br>തീയതി - 12.06.14 | 6 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ക്യൂ.പി.3/1455/07<br>തീയതി - 4.01.18 | 2 |
| 2006-07 | എൽ.എഫ്.ക്യൂ.പി.3/1194(14)/14<br>തീയതി - 12.06.14 | 2 |
| 2007-08 | എൽ.എഫ്.ക്യൂ.പി.3/1194(15)/14<br>തീയതി - 12.06.14 | 16 |
| 2008-09 | എൽ.എഫ്.ക്യൂ.പി.3/1194(16)/14<br>തീയതി - 12.06.14 | 24 |
| 2009-10 | എൽ.എഫ്.ക്യൂ.പി.3/1194(17)/14<br>തീയതി - 12.06.14 | 17 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.പി.3/1194(18)/14<br>തീയതി - 12.06.14 | 18 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.പി.പി.3/1972/14/04/12/2014 | 38 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.<br>പി.3/1803/15/13/11/2015 | 22 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.എം.എൽ-31/17<br>തീയതി – 08.02.17 | 43 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം.<br>എം.എൽ-1811/18, തീയതി - 31.10.17 | 28 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം , 2017-18

കെ.എസ്.എ.കെ.എൽ.എം.എം.എൽ-208/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -10/7/2019

## ഓഡിറ്റ് സാക്ഷ്യപത്രം 2017-2018

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും നഗരസഭാസ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **കൊട്ടാരക്കര നഗരസഭയുടെ** 2017-18 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കൊട്ടാരക്കര നഗരസഭ** 2017-18 വർഷത്തെ വാർഷികധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓാഡിറ്റ് കാര്യാലയം, കൊല്ലം.**

# അനുബന്ധം-2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.**